ണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ യുദ്ധരംഗത്ത് രക്തസാക്ഷിത്വം വരിച്ച വീരജവാന്മാരുടേയും അതുപോലെ മുറിവേറ്റവരുടേയുമെല്ലാം കുടുംബാംഗങ്ങളോട് എന്റെ അനുഭാവം രേഖപ്പെടുത്തുന്നു. അതുപോലെതന്നെ യുദ്ധരംഗത്ത് ഇന്ന് കർമ്മോൽസുകരായി എന്തിനും തയ്യാറായി, ജീവൻ നഷ്ടപ്പെടുത്താൻപോലും തയ്യാറായി നിൽക്കുന്ന നമ്മുടെ ജവാന്മാർക്ക് ധാർമ്മിക പിന്തുണയും അവരോട് ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

മി. സ്പീക്കർ : വീരമൃത്യു വരിച്ച ധീര യോദ്ധാക്കളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം മൗനം ആചരിക്കാം.

(യുദ്ധത്തിൽ വീരമൃത്യു വരിച്ച വീരയോദ്ധാക്കളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

III. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി.പി. ബാലൻ വൈദ്യർ, ഡോ. കെ.സി. ജോസഫ് എന്നിവരെ X-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

വൈദ്യുതിചാർജ് വർദ്ധന

മി. സ്പീക്കർ : വൈദ്യുതിചാർജ് വർദ്ധനവുമൂലം സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഉമ്മൻചാണ്ടി, ഇസ്ഹാക് കുരിക്കൾ, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച വിശദീകരണം നല്കാം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1996-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ വ്യവസായങ്ങൾക്ക് 100 ശതമാനം പവർകട്ടും മൂന്നര മണിക്കൂർ ലോഡ് ഷെഡിംഗും ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ നിന്നും ഇന്ന് കാണുന്ന മെച്ചപ്പെട്ട നിലയിലേയ്ക്ക് വൈദ്യുതി രംഗത്തെ എത്തിക്കുന്നതിനു വേണ്ടി ജനറേഷൻ രംഗത്തും പ്രസരണ-വിതരണ രംഗത്തും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിനായി എൽ.ഐ.സി., പവർ ഫിനാൻസ് കോർപ്പറേഷൻ ആർ.ഇ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ വർഷം 1200 കോടി രൂപ കടം എടുക്കേണ്ടതായി വന്നിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതും വായ്പ എടുത്തതിനെ തുടർന്നാണ്. ഈ വായ്പ തിരിച്ചടയ്ക്കുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന മുതൽമുടക്കിനും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം വൈദ്യുതി രംഗത്ത് വികസനപ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സം മാറ്റുന്നതിനുവേണ്ടി ഉൽപാദനച്ചെലവുമായി ബന്ധപ്പെടുത്തിയും ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കേണ്ടി വന്നതിനെത്തുടർന്നും ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടായി. ഈ വർദ്ധനവിനെത്തുടർന്ന് ഒരു രൂപ തൊണ്ണൂറ്റി ഒൻപതര പൈസ ചെലവും ഒരു രൂപ നാൽപത്തി നാല് പൈസ വരവും എന്ന നില

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഒരു യൂണിറ്റിന് അൻപത്തഞ്ചര പൈസയുടെ കടമാണ് ബോർഡ് ഈ ഘട്ടത്തിൽ പേറേണ്ടി വന്നത്. അതായത് ഒരു ദിവസം 2 കോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് ബോർഡ് പോയ്ക്കൊണ്ടിരിക്കുകയായിരുന്നു. ഈ സ്ഥിതി വിശേഷത്തിലാണ് താരിഫ് വർദ്ധനവ് ഉൽപ്പാദനച്ചെലവിനെ അടിസ്ഥാന മാക്കി അനിവാര്യമാക്കിത്തീർന്നിട്ടുള്ളത്. ഗാർഹിക ഉപഭോക്താക്കളിൽ ശരാശരി 26 ശതമാനം വർദ്ധനവാണ് ഉള്ളത്. ആകെയുള്ള വർദ്ധനവ് 30 ശത മാനത്തോളം വരും. ഗാർഹികവും കച്ചവടവും വ്യവസായവും എന്നീ നിലക ളിൽ നോക്കുമ്പോൾ പുതിയ പ്രോജക്ടുകൾ കേരളത്തിൽ ആരംഭിക്കുന്നതിന് ബോർഡിന്റെ ഫിനാൻഷ്യൽ വയബിലിറ്റി പ്രധാനമാണെന്നുവന്ന സാഹചര്യ ത്തിലും നാളെ കേരളം കൂരിരുട്ടിലേയ്ക്ക് പോകാതിരിക്കുന്നതിനും ഈ വർദ്ധനവ് അനിവാര്യമാക്കിത്തീർക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനെത്തു ടർന്ന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരാതികളോ, അനോമലികളോ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് ഗവണ്മെന്റിന്റെ മുമ്പിൽ നിർദ്ദേശം സമർപ്പി ക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡിലെ ഫിനാൻസ് മെമ്പർ ചെയർമാ നായി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ മുൻപാകെ നിരവധി നിവേ ദനങ്ങളും പരാതികളും സമർപ്പിച്ചിട്ടുള്ളതായിട്ട് മനസ്സിലാകുന്നു. ഇടയ്ക്ക് ഗവണ്മെന്റ് അതു സംബന്ധിച്ച് ഒരു പരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയെത്തുടർന്ന് ഏതെങ്കിലും ഒരു വ്യവസായം താരിഫ് വർദ്ധന വിനെ മാത്രം ബാധകമാക്കിക്കൊണ്ട് പൂട്ടാൻ ഇടവരരുത് എന്ന നില സ്വീകരി ക്കണമെന്ന് ഗവണ്മെന്റ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തേത് വൈദ്യുതി രൂക്ഷമായ പ്രതിസന്ധിയുടെ പ്രത്യേക ഘട്ടത്തിൽ ടി.ഒ.ഡി. ഏർപ്പെടുത്തുകയുണ്ടായി. ആ ടി.ഒ.ഡി. പ്രോ-റേറ്റാ അടിസ്ഥാനത്തിൽ പുനഃ സംവിധാനം ചെയ്ത് വ്യവസായങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ വിധത്തിൽ ടി.ഒ.ഡി.യുടെ നടത്തിപ്പ് ക്രമീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായങ്ങൾക്കുള്ള ഹൈക്ക്-ൽ വന്നിട്ടുള്ള വ്യത്യാസം കണക്കിലെടുത്ത് 5 ശതമാനത്തിന്റെ കുറവ് വരുത്തുന്നതിന് ബോർഡിന് ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാപ്റ്റീവ് ജനറേഷൻ എന്ന നിലയിൽ പവർ ഇന്റൻസീവ് ആയിട്ടുള്ള എക്സിസ്റ്റിംഗ് യൂണിറ്റുകൾക്ക് പുതിയ പവർ യൂണിറ്റുകൾ ആവശ്യമാണെന്നുണ്ടെങ്കിൽ അതിന് ബോർഡിന്റെ മുമ്പിൽ അപേക്ഷ സമർപ്പിക്കണമെന്നും ബോർഡുമായി ചർച്ച ചെയ്തതിനുശേഷം വ്യവസായ സംരക്ഷണത്തിന് സഹായകരമായ വിധ ത്തിൽ നിലപാടു സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊമേഴ്സ്യൽ മേഖലയിൽ ഉണ്ടായിട്ടുള്ള ഹൈക്കിൽ ചെറുകിട കച്ചവട ക്കാർക്കിടയിൽ ചില പ്രശ്നങ്ങളും പ്രയാസങ്ങളും ഉള്ളതായി ഇതിനകം മന സ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് വച്ചുകൊണ്ട് പരിശോധിച്ചപ്പോൾ ചെറുകിട കച്ചവടക്കാരുടെ താൽപ്പര്യം പരിഗണിച്ച് 500 വാട്ട് കണക്റ്റഡ് ലോഡ് കണ ക്കാക്കി നിശ്ചയിക്കപ്പെട്ടിരുന്നത് കണക്റ്റഡ് ലോഡ് ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം 1000 വാട്ട്സ് ആയി ഉയർത്താൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിലയിൽ ചെറുകിട കച്ചവടക്കാരുടെ താൽപ്പ ര്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യവസായ സംരക്ഷണത്തിനും വേണ്ട നിർദ്ദേശം ഗവണ്മെന്റ് ഇതിനകം ബോർഡിന് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഗാർഹിക മേഖലയിൽ ഉണ്ടായിട്ടുള്ള ഹൈക്ക് എന്നുപറയുന്നത് മൊത്തം 52 ലക്ഷം ഉപഭോക്താക്കളിൽ 42 ലക്ഷം പേർക്ക് 8 മുതൽ 22 ശതമാനം വരെ യുള്ള വർദ്ധനവേ ബാധകമായിട്ടുള്ളൂ. ചുരുക്കത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിലാണ് 35 ശതമാനം

വരെ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ശരാശരി 8 മുതൽ 35 വരെയെന്നുള്ളത് നോക്കുമ്പോൾ ആകെ ഗാർഹിക ഉപഭോക്താക്കളുടെ വർദ്ധനവിന്റെ ശരാശരി 26 ശതമാനം മാത്രമാണ്. വ്യവസായങ്ങളുടെയും കച്ചവടത്തിന്റേയും ഗാർഹികത്തിന്റേയും ആകെ കണക്കു നോക്കുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് 1 രൂപ 99 പൈസ ചെലവും 1 രൂപ 44 പൈസ വരവുമാണുള്ളത്. 55 പൈസയുടെ വർദ്ധനവ് ഒരു യൂണിറ്റിൽ ഉണ്ടായിട്ടുണ്ട്. ഈ 55 പൈസ എന്നു പറയുന്നത് ആകെയുള്ള വർദ്ധനവിന്റെ 30 ശതമാനം മാത്രമാണ്. ആ നിലയിൽ വർദ്ധനവിനിടയിൽത്തന്നെ ബോർഡിന്റെ മുമ്പിൽവന്ന കാര്യം ഗവണ്മെന്റ് റിവ്യൂ ചെയ്തപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടെ വിശദീകരിച്ചിട്ടുള്ളതുപോലുള്ള നിർദ്ദേശം ബോർഡിന് ഇതിനകം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുരുതരമായ സ്ഥിതിവിശേഷം ഉള്ളതായി ഗവണ്മെന്റ് കണക്കാക്കുന്നില്ല. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതായിട്ടില്ല എന്നാണ് ഗവണ്മെന്റിനുവേണ്ടി എനിക്ക് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. ഉമ്മൻചാണ്ടി</u> : ഇത്രയും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്യേണ്ട എന്നുള്ള മന്ത്രിയുടെ പ്രസ്താവന ഈ സഭയേയും കേരളത്തിലെ മുഴുവൻ ജനങ്ങളേയും നിരാശരാക്കുന്ന ഒരു സ്റ്റേറ്റ്മെന്റാണ്. ഈ പ്രശ്നം ചർച്ച ചെയ്തില്ലെങ്കിൽ ഏതു പ്രശ്നമാണ് സഭയിൽ ചർച്ച ചെയ്യേണ്ടത്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന, ഇവിടുത്തെ വ്യവസായങ്ങളെ മുഴുവൻ തളർത്തുന്ന, വാണിജ്യമേഖലയെ മുഴുവൻ തകർക്കുന്ന ഒരു പ്രശ്നമാണിത്. ഇത് ചർച്ച ചെയ്യേണ്ടായെങ്കിൽ പിന്നെ ഏതാണ് ചർച്ച ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ചർച്ച ചെയ്യേണ്ട എന്നു പറഞ്ഞ കൂട്ടത്തിൽ 50 എന്ന വകുപ്പുകൂടി സസ്പെന്റ് ചെയ്യണമെന്നു പറഞ്ഞിരുന്നുവെങ്കിൽ എല്ലാം പൂർത്തിയാകുമായിരുന്നു. ഈ സഭയിൽ ഇതിനുമുൻപ് റൂൾ 50 അനുസരിച്ച് പല ചർച്ചകളും നടന്നിട്ടുണ്ട്. ഇതിൽ കീഴ്വഴക്കമില്ലാതെയൊന്നുമില്ല. കേരളത്തിലെ ജനങ്ങളെ ഒന്നാകെ ബാധിക്കുന്ന വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. നിങ്ങൾ എന്തിനാണ് ചർച്ചയെ ഭയപ്പെടുന്നത്? ബഹുമാനപ്പെട്ട മന്ത്രി കുറെ കാര്യങ്ങൾ പറഞ്ഞല്ലോ. അതാണ് യഥാർത്ഥ ചിത്രമെങ്കിൽ ഗവണ്മെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും ഈ വർദ്ധനവിനെക്കുറിച്ച് ശക്തമായ ന്യായീകരണമുണ്ടല്ലോ. എന്നാൽപ്പിന്നെ അത് ചർച്ച ചെയ്യുന്നതല്ലേ നല്ലത്. അപ്പോൾ നിങ്ങൾ ചർച്ച ചെയ്യുന്നതിനെ ഭയപ്പെടുന്നു. എങ്ങനെയുള്ള വർദ്ധനവാണിത്. ബോർഡ് തന്നെ ഇറക്കിയ കണക്കനുസരിച്ച് 10 ശതമാനം ഡ്യൂട്ടിയടക്കം 550 കോടി രൂപയുടെ വർദ്ധനവ്. അത് ഞാൻ കണക്കാക്കിയപ്പോൾ 800 കോടി രൂപയാണ് വരുന്നത്. ബോർഡിന്റെ 1999-2000 ആണ്ടിലേയ്ക്കുള്ള വരവ് ചാർജ് വർദ്ധവു കൂടാതെ 1648.4 കോടി രൂപയാണ്. അതിൽ 550 കോടി രൂപയെന്നു പറയുമ്പോൾ നിങ്ങൾ പറയുന്നതനുസരിച്ച് 33 ശതമാനം. ഞാൻ കണക്കാക്കിയപ്പോൾ 45% മുതൽ 50 ശതമാനം വരെവരും. ഇത്രയും വലിയ ഒരു വർദ്ധനവ് നടത്തിയിട്ട് ഇത്രയും ന്യായീകരണം ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് ഈ വർദ്ധനവു വരുന്നതിനുമുൻപ് ഒന്ന് ബോധ്യപ്പെടുത്താൻവേണ്ടി എല്ലാവരേയും വിളിച്ച് ചർച്ച ചെയ്തില്ല? വർദ്ധനവ് വന്നതിനുശേഷം ഇവിടെ ശക്തമായ പ്രതിഷേധമുണ്ടായി. ഇവിടത്തെ വ്യാപാരികൾ കട അടച്ചിട്ട് പ്രതിഷേധം രേഖപ്പെടുത്തി. ഇവിടെ യു.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താൽ, ഇതിലൊക്കെ പ്രകടമായത് ജനങ്ങളുടെ ശക്തമായ വികാരമാണ്. അത് കണക്കിലെടുത്ത് പുനഃപരിശോധന ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായോ? ചർച്ചയ്ക്കു നിങ്ങൾ തയ്യാറായോ? ഈ വർദ്ധനവ് വ്യവസായ, വാണിജ്യ മേഖലകളിൽ ഉണ്ടാക്കുന്ന ഇമ്പാക്ട് നിങ്ങൾ പഠിക്കാൻ തയ്യാറായോ? നിങ്ങൾ ചർച്ചയെ ഭയപ്പെടുന്നു. മന്ത്രി ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, ബോർഡിന്റെ നിലനിൽപ്പിന് ഇങ്ങനെ ചാർജ്ജ് വർദ്ധനവ് അനിവാര്യമാണ്. ബോർഡ് കടുത്ത കടക്കെണിയിലായതുകൊണ്ട് ഇത് ആവശ്യമായി വന്നു. ഇതാണ് മന്ത്രിയുടെ ന്യായീകരണം. രണ്ട്, ഈ ചാർജ് വർദ്ധനവ് വളരെ മിതമാണ്, ന്യായമാണ്. അധികം ആളുകളെയൊന്നും വേദനിപ്പിക്കാത്തതാണിത്. ഇവിടെ ഒരു ചർച്ച നടന്നാൽ ഇത് രണ്ടും തെറ്റാണെന്ന് തെളിയും. ചാർജ് വർദ്ധനവ് സംബന്ധിച്ച് മന്ത്രി ഇവിടെ പറഞ്ഞതുപോലൊന്നുമല്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പരമാവധി 35 ശതമാനം വർദ്ധനവ് എന്നാണ്. ഞാൻ ചോദിക്കട്ടെ, വാണിജ്യമേഖലയിൽ വളരെ സൂത്രത്തിൽ 200 യൂണിറ്റുവരെ രണ്ടായിരം വാട്ട്സ് കണക്റ്റഡ് ലോഡ് ഉള്ളതിന് ഉണ്ടായിരുന്ന ചാർജ് നിങ്ങൾ രണ്ട് സ്ലാബാക്കി. 500 വാട്ട്സ് കണക്റ്റഡ് ലോഡാക്കിക്കുറച്ചു. അത് ആയിരം ആക്കുമെന്ന് പറയുന്നു. പക്ഷെ ആയിരം ആക്കിയതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? ഈ രണ്ട് സ്ലാബിന്റെയും ഇമ്പാക്ട് എന്താണ്? 100 യൂണിറ്റിനു മുകളിൽ വരുന്നവർക്ക് 145 പൈസയായിരുന്നത് ഇപ്പോൾ 465 പൈസയായിട്ട് വർദ്ധിപ്പിച്ചിരിക്കുകയാണ്. 210 ശതമാനം വർദ്ധനവ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന 35 ശതമാനം അങ്ങനെ ആണെങ്കിൽ നമുക്ക് ചർച്ച ചെയ്തുകൂടേ? ഇത് നിങ്ങൾ രണ്ട് വിധത്തിലാക്കി. 100 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഒരാളിന് 145 പൈസ ആയിരുന്നത് 465 പൈസയായിട്ട് കൂട്ടിയിരിക്കുന്നു. 210 ശതമാനത്തിന്റെ വർദ്ധനവ്. നിങ്ങൾ കണക്റ്റഡ് ലോഡിൽ മാറ്റം വരുത്തി. 501 വാട്ട്സിനു മുകളിൽ ഉള്ളവർക്ക് 145 പൈസയിൽനിന്ന് 450 പൈസയാക്കി. 211 ശതമാനം വർദ്ധനവ്. 101-ന് മുകളിൽ ഉള്ളവർക്ക് 145 പൈസയിൽനിന്ന് 500 ആക്കി. 244 ശതമാനം. ബഹുമാനപ്പെട്ട മന്ത്രി, ഇതാണോ ശരിയായിട്ടുള്ളത്? പിന്നെ പറയുന്നത്, ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനു ഒരു പ്രശ്നവുമില്ലെന്നാണ്. 52 ലക്ഷം ഉള്ളതിൽ 42 ലക്ഷത്തിനും ഒരു പ്രശ്നവും ഇല്ലെന്ന് പറയുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് എന്റെ കൈവശമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് വെറും 16 ശതമാനത്തിനു മാത്രമേ വർദ്ധനവ് വന്നിട്ടുള്ളൂ. ആർക്ക്? 80 യൂണിറ്റ് എടുക്കുന്ന ഒരാൾക്ക്. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ കണക്ക് പറഞ്ഞ് ആളുകളെ കബളിപ്പിക്കണോ? നിങ്ങളുടെ നോട്ടിഫിക്കേഷൻ അനുസരിച്ച് 80 യൂണിറ്റുകാരന് 16 ശതമാനം മാത്രമേ വർദ്ധനവുള്ളൂ. പക്ഷേ 22.2 ശതമാനമാണ് വർദ്ധനവ്. 200 യൂണിറ്റുകാരന് 26 ശതമാനത്തിന്റെ വർദ്ധനവേയുള്ളൂവെന്ന് സ്റ്റേറ്റുമെന്റിൽ പറഞ്ഞിരിക്കുന്നു. പക്ഷെ കണക്ക് കൂട്ടുമ്പോൾ 210 പൈസ വച്ച് 40 ശതമാനം വർദ്ധനവ്. പരസ്യമായിട്ട് ഒന്നു പറയുക, യഥാർത്ഥത്തിൽ വാങ്ങുന്നത് മറ്റൊന്ന്. വ്യവസായികളുടെ ആകെ സ്ഥിതി എന്താണ്? നിങ്ങൾ അധികാരത്തിൽ വരുമ്പോൾ ഹൈ ടെൻഷൻ വ്യവസായങ്ങൾക്ക് 87 പൈസയായിരുന്നു. ഇപ്പോഴത്തെ പുതിയ വർദ്ധനവോടുകൂടി 205 പൈസ. 3 വർഷം കൊണ്ട് 135 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നു. എക്സ്ട്രാ ഹൈ ടെൻഷൻ 84 പൈസ ആയിരുന്നത് 200 പൈസയായിട്ട് വർദ്ധിപ്പിച്ചിരിക്കുന്നു. 140 ശതമാനത്തിന്റെ വർദ്ധനവ്. വ്യവസായങ്ങൾക്ക് താങ്ങുവാൻ പറ്റാത്ത വർദ്ധനവാണ് സ്വീകരിച്ചിരിക്കുന്നത്. 4 പ്രാവശ്യമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. വർദ്ധനവ് ന്യായമാണ്, മിതമാണ്, ഇതിൽ കുഴപ്പമില്ല എന്നു പറയുന്നത് പൂർണ്ണമായിട്ടും തെറ്റാണ്. തെറ്റാണ് എന്നുള്ളതുകൊണ്ട് മാത്രമാണ് നിങ്ങൾ ചർച്ചയ്ക്കു തയ്യാറാകാത്തത്. പിന്നെ ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞു. ഈ സഭയിൽ 28.1.1999-ൽ ശ്രീമതി കെ.ആർ. ഗൗരിയമ്മ ചോദിച്ച ചോദ്യത്തിന് ശ്രീ. എസ്. ശർമ്മ തന്നെ മറുപടി തന്നിട്ടുണ്ട്. 1995-96-ൽ 22.76 കോടി രൂപയുടെ ലാഭം. 1996-97-ൽ 23.99 കോടി രൂപയുടെ ലാഭം, 1997-98-ൽ 24.61 കോടി രൂപയുടെ ലാഭം. ഇങ്ങനെ ഇവിടെ ജനുവരിയിൽ മറുപടി തന്നിരിക്കുകയാണ്. പിന്നെ എന്താണ് ഈ കാലഘട്ടത്തിൽ സംഭവിച്ചത്? എൻ.ടി.പി.സി. പ്രൊഡക്ഷൻ തുടങ്ങി. എൻ.ടി.പി.സി.യിൽ നിങ്ങൾ വച്ചിട്ടുള്ള എഗ്രിമെന്റാണ് കേരളത്തിലെ ഇലക്ട്രിസിറ്റി രംഗത്തെ മുഴുവൻ താളംതെറ്റിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഡയറക്ടായിട്ട് ഞാൻ ചോദിക്കുകയാണ്, എൻ.ടി.പി.സി.യിൽ ഇലക്ട്രിസിറ്റി ബോർഡ് വച്ച എഗ്രിമെന്റ് ഈ സംസ്ഥാനത്തിന്റെ താല്പര്യത്തിനു നിരക്കുന്നതാണ്, യോജിക്കുന്നതാണ് എന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ? ആ എഗ്രിമെന്റ് മേശപ്പുറത്ത് വയ്ക്കുമോ? രാമഗുണ്ടത്തു നിന്ന് എടുക്കുന്ന ഇലക്ട്രിസിറ്റിക്ക് 125 പൈസയാണ്. തെറ്റുണ്ടെങ്കിൽ തിരുത്തണം. അത് പൂൾഡ് കോസ്റ്റ്, സതേൺ ഗ്രിഡ്ഡിലെ എല്ലാ യൂണിറ്റുകളുടെയും കോസ്റ്റ് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ 125 പൈസയ്ക്ക് രാമഗുണ്ടത്തുനിന്ന് കിട്ടുകയാണ്. ഇവിടെ എഗ്രിമെന്റ് വച്ചു. എന്താണ് കാര്യം? ഇവിടത്തെ മുഴുവൻ ഇലക്ട്രിസിറ്റിയും കൂടെ നമ്മൾ എടുക്കുകയാണ്. പൂൾഡ് കോസ്റ്റ് എന്നുള്ള വാദം നമ്മൾ ആവശ്യപ്പെട്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിന് എതിരല്ലല്ലോ അത്. പൂൾഡ് കോസ്റ്റ് വന്നിരുന്നുവെങ്കിൽ ഇതു വരുകയില്ല. നിങ്ങൾ വില നിശ്ചയിക്കാതെയാണ് കറണ്ട് വാങ്ങി തുടങ്ങിയിരിക്കുന്നത്. എൻ.ടി.പി.സി. ഇപ്പോൾ ചോദിക്കുന്നത് 4 രൂപ. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് കൊടുത്തുകൊണ്ടിരിക്കുന്നത് 2.75 പൈസയ്ക്ക്. രാമഗുണ്ടത്തു നിന്ന് 125 പൈസയ്ക്ക് കിട്ടുമ്പോൾ പൂൾഡ് കോസ്റ്റ് എന്നുള്ളത് മാറ്റി നിങ്ങൾ 2.75 പൈസയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നു. 4 രൂപയാണ് ഇന്ന് ചോദിച്ചുകൊണ്ടിരിക്കുന്നത്. എൻ.ടി.പി.സി.യുമായി ഉണ്ടാക്കിയിട്ടുള്ള ഇടപാട് നമ്മുടെ സംസ്ഥാനത്തിന് ഗുണമാണോ? നിങ്ങൾ ആലോചിച്ചുനോക്കണം. 50 ലക്ഷം യൂണിറ്റാണ് ഓരോ ദിവസവും എൻ.ടി.പി.സി.യിൽ നിന്ന് എടുത്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ 4 ദിവസമായിട്ട് 50 ലക്ഷം യൂണിറ്റ് 25 ലക്ഷം യൂണിറ്റായിട്ട് കുറച്ചില്ലേ? ഇടുക്കിയിലെ ആറു ജനറേറ്ററുകളിൽ 3 എണ്ണം പൂട്ടിയിട്ടിട്ടാണ് ഒരു യൂണിറ്റിന് 14 പൈസ ജനറേഷൻ കോസ്റ്റുള്ള ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലെ പ്രൊഡക്ഷൻ കുറച്ച് അതിന്റെ ഇരുപതിരട്ടി വിലയുള്ള കായംകുളം താപനിലയത്തിൽനിന്ന് നിങ്ങൾ കറണ്ട് എടുത്തത്. അതു ശരിയാണോ? കഴിഞ്ഞ നാലു ദിവസമായിട്ട് 50 ലക്ഷം യൂണിറ്റ് 25 ലക്ഷം യൂണിറ്റായിട്ട് കുറച്ചു. അത് രണ്ടു മാസം മുൻപ് നിറുത്തിയിരുന്നുവെങ്കിൽ നമുക്ക് എത്ര കോടി രൂപ ലാഭമാകുമായിരുന്നു. മൺസൂൺ കാലത്ത് ഇതുവരെ റിപ്പയറിനുവേണ്ടി ജനറേറ്റർ നിറുത്തിവച്ചിട്ടില്ല. വില കുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കാതെ ഹൈകോസ്റ്റ് ഇലക്ട്രിസിറ്റി എടുത്തത് ഏറ്റവും വലിയ കുഴപ്പത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഇങ്ങനെയൊക്കെ ചെയ്തത് എന്തുകൊണ്ടാണ്? നിങ്ങൾ ഒരു കാര്യം പറഞ്ഞു, രണ്ടായിരാമാണ്ടിൽ ഇവിടെ ഇലക്ട്രിസിറ്റി സ്വയംപര്യാപ്തത. ബഹുമാനപ്പെട്ട മന്ത്രി, രണ്ടായിരത്തിൽ വേണോ, ഇപ്പോൾത്തന്നെ നമ്മുടെ ഇലക്ട്രിസിറ്റി സ്വയംപര്യാപ്തതയിൽ എത്തിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടല്ലേ കായംകുളത്തെ 50 ലക്ഷം യൂണിറ്റ് ഞങ്ങൾക്ക് വേണ്ടാ, 25 ലക്ഷം യൂണിറ്റ് മതി എന്നു പറഞ്ഞത്. നിങ്ങൾക്ക് അഭിമാനിക്കാം. ഇലക്ട്രിസിറ്റി സ്വയംപര്യാപ്തത. ആ കൂട്ടത്തിൽ നിങ്ങൾക്ക് ഒരു ക്രെഡിറ്റുകൂടി. ബഹുമാനപ്പെട്ട എസ്. ശർമ്മേ, അങ്ങയുടെ തലയ്ക്ക് ഒരു തൂവൽ കൂടി, ഈ കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളുടെ ശവപ്പറമ്പാക്കിയ ഒരു മന്ത്രിയെന്ന നിലയിൽ, ഒരു ഗവ ണ്മെന്റ് എന്ന നിലയിൽ അതിന്റെ ക്രെഡിറ്റുകൂടി നിങ്ങൾക്ക് അവകാശപ്പെ ടാം. ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുവാൻ പോകുന്ന മറുപടി എനിക്ക് അറിയാം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇലക്ട്രിസിറ്റി ചാർജ് ഈ വർദ്ധനവ് കഴിഞ്ഞതിനുശേഷവും കുറവാണ്. അത് സമ്മതിച്ചു. പക്ഷേ, കേരളത്തിന്റെ ആകെ ഉണ്ടായിരുന്ന പ്ലസ് പോയിന്റ് വ്യവസായ രംഗത്തെ ചീപ്പ് ഇലക്ട്രിസിറ്റി മാത്രമായിരുന്നു. ലാന്റ് കോസ്റ്റ് എന്താണ്; ലേബർ കോസ്റ്റ് എന്താണ്; ഇവിടെ പൊല്യൂഷൻ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വ്യവസായികൾ മുടക്കേണ്ട മുതൽമുടക്ക് എത്രയാണ്? ഈ മൂന്നു രംഗത്തും വലിയ ഇൻവെസ്റ്റ്മെന്റ് വേണം. ലാന്റിന്റെ കാര്യത്തിലായാലും പൊല്യൂഷൻ പ്രശ്നം ഒഴിവാക്കുന്ന കാര്യത്തിലായാലും, ലേബർ കോസ്റ്റിന്റെ കാര്യത്തിലാ യാലും വളരെച്ചെലവ് കൂടുതൽ ഉണ്ടായിരുന്ന ഒരേ ഒരു പ്ലസ് പോയിന്റ് ചീപ്പ് ഇലക്ട്രിസിറ്റിയാണ്. ചീപ്പ് ഇലക്ട്രിസിറ്റി എന്നുള്ള നമ്മുടെ പ്ലസ് പോയിന്റ് ഇന്ന് മൈനസ് പോയിന്റാക്കി മാറ്റിയിരിക്കുകയാണ്. രണ്ടായിരാമാണ്ടിൽ നമ്മൾ സ്വയം പര്യാപ്തത നേടി എന്ന് നിങ്ങൾക്ക് അഭിമാനിക്കാം. പക്ഷേ ഇതു സംസ്ഥാനത്തിനു ഗുണം ചെയ്യില്ല. നമ്മുടെ സംസ്ഥാനത്തിന് അബ്സോർബ് ചെയ്യുവാൻ സാധിക്കുന്ന ജനറേഷൻ കോസ്റ്റ് ആ നിലയിൽ നിറുത്തുവാൻ സാധിക്കണം. ഇലക്ട്രിസിറ്റി ബോർഡിന്റെയും ഗവണ്മെന്റിന്റെയും പിടിപ്പുകേടിന്റെ പാപഭാരം ഈ നാട്ടിലെ മുഴുവൻ ജന ങ്ങളും താങ്ങേണ്ടിവന്നിരിക്കുകയാണ്. സെൻട്രൽ പൂളിൽനിന്ന് 50 ശതമാനം വരെ അൺ അലോക്കേറ്റഡ് ഇലക്ട്രിസിറ്റി കിട്ടിയിരുന്ന നമ്മുടെ സംസ്ഥാന ത്തിന്, കോൺഗ്രസ്സ് ഭരിച്ചിരുന്ന കാലത്ത് 60 ശതമാനം വരെ കിട്ടിയിരുന്നു. ഇന്ന് അത് 15 ശതമാനമായിട്ട് കുറച്ചില്ലേ; നിങ്ങൾ എന്തു ചെയ്തു?

1997-98-ൽ അൺ അലോക്കേറ്റഡ് വൈദ്യുതി 423.69 കോടി യൂണിറ്റ് കിട്ടിയിരുന്നുവെങ്കിൽ 1998-99-ൽ അത് 336-ൽ ചില്വാനം കോടി യൂണിറ്റ് വരെ യെത്തി. 60 ശതമാനംവരെ കിട്ടിയിരുന്നത് 15 ശതമാനമായിട്ട് കുറഞ്ഞു. നിങ്ങൾക്ക് അത് ചോദ്യം ചെയ്യാനോ നമുക്ക് വില കുറച്ചു കിട്ടുമായിരുന്ന കേന്ദ്രപൂളിൽ നിന്നുള്ള വിഹിതം വാങ്ങാനോ സാധിച്ചില്ല. പകരം നിങ്ങളെ ന്താണ് ചെയ്തത്? ഹൈ കോസ്റ്റ് ഇലക്ട്രിസിറ്റിക്കു വേണ്ടി ഇപ്പോൾ പവർ പർച്ചേസ് എഗ്രിമെന്റിൽ ഒപ്പു വച്ചിരിക്കുകയാണ്. ഒരു സ്വകാര്യ കമ്പനിയായ ബി.എസ്.ഇ.എസുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പു വച്ചില്ലേ? രണ്ടുരൂപ എഴുപത്തിയഞ്ചു പൈസയ്ക്കാണ് ഒപ്പു വച്ചത്? അവർ ഉൽപാദിപ്പിക്കുന്ന 70 ശതമാനം വൈദ്യുതിയും നമ്മൾ വാങ്ങണം. താപനിലയത്തിൽ നിന്നു വാങ്ങുന്ന ഇലക്ട്രിസിറ്റി ഒരു വശത്തുണ്ട്. ബി.എസ്.ഇ.എസ്. ഉൽപാദിപ്പി ക്കാൻ പോകുന്ന കറന്റ് നമ്മൾ വാങ്ങാൻ പോകുകയാണ്. താപനിലയത്തിന് ഞങ്ങളാരും എതിരല്ല. താപനിലയത്തിലെ കോസ്റ്റ് കൂടുതലാണെന്നും ഞങ്ങൾക്കറിയാം. പക്ഷേ ഉൽപ്പാദനച്ചെലവ് കുറഞ്ഞ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ ഉണ്ടാക്കി കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പരമാവധി ശ്രമിക്കുകയാണ് വേണ്ടത്. നമ്മുടെ കമ്മി നികത്താൻ വേണ്ടി മാത്രം, ഗ്യാപ്പ് നികത്താൻ വേണ്ടി മാത്രം താപനിലയത്തെ ആശ്രയിക്കുന്ന ഒരു നയം സ്വീകരിക്കുന്നില്ലെങ്കിൽ നമ്മൾ അപകടത്തിലേയ്ക്കു നീങ്ങും. താപനിലയം വേണ്ട എന്നു പറയുന്നില്ല. ബംഗാളിൽ നിന്നു കറന്റെടുത്തു. അതിൽ നമുക്ക് എത്ര കോടി രൂപയുടെ നഷ്ടമാണുള്ളത്? കേന്ദ്രപൂളിൽ നിന്നു കുറഞ്ഞ റേറ്റിൽ വാങ്ങിക്കേണ്ട ഇലക്ട്രിസിറ്റി വാങ്ങാതെ ബംഗാളിൽ നിന്ന് വാങ്ങി. 40 കോടി രൂപയുടെ നഷ്ടമാണ് വന്നത്. ബ്രഹ്മപുരത്ത്

203/2010.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ 30 ശതമാനം ജനറേറ്റിംഗ് കപ്പാസിറ്റി മാത്രമേയുള്ളൂ. 30 ശതമാനമായതുകൊണ്ട് ഒരു യൂണിറ്റിന്റെ കോസ്റ്റ് എട്ടു രൂപയാണ്. കോഴിക്കോട് 450 കോടി രൂപയുടെ ഒരു പദ്ധതി വീണ്ടും തുടങ്ങുന്നു. പിന്നെയെന്തിനാണ് ഇപ്പോൾ കാസർഗോഡ് നോട്ടിഫിക്കേഷൻ വച്ചിരിക്കുന്നത്. ബ്രഹ്മപുരത്ത് 30 ശതമാനം കപ്പാസിറ്റി മാത്രം ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ എന്തിനു നിങ്ങൾ കാസർഗോഡ് പുതിയ യൂണിറ്റ് തേടിപ്പോകുന്നു? കാസർഗോഡ് വേണ്ട എന്നു ഞാൻ പറയുന്നില്ല. ബ്രഹ്മപുരത്ത് 30 ശതമാനം കപ്പാസിറ്റിയാക്കി ഒരു യൂണിറ്റിന് എട്ടു രൂപ കോസ്റ്റാക്കിക്കൊണ്ടിരിക്കുമ്പോൾ ഭീമമായ സാമ്പത്തിക നഷ്ടം നമ്മൾ സഹിക്കുകയാണ്. ഇതിന്റെ മുഴുവൻ പാപഭാരവും ഇന്ന് കേരളത്തിലെ ജനങ്ങളാണ് അനുഭവിക്കുന്നത്. ചെങ്കുളം, പള്ളിവാസൽ, പന്നിയാർ എന്നീ ജനറേറ്ററുകളുടെ അറ്റകുറ്റപണി നടത്തണമെന്ന് ശ്രീ. ബാലാനന്ദൻ പറഞ്ഞു. ശ്രീ. ബാലാനന്ദൻ മാത്രമല്ല, അതൊരു എക്സ്പെർട്ട് കമ്മിറ്റി കൂടി ആയിരുന്നു. പക്ഷെ അതു മാറ്റിക്കൊണ്ട് ഒരു കനേഡിയൻ കമ്പനിക്ക് ടെണ്ടറില്ലാതെ കരാർ കൊടുത്തിരിക്കുകയാണ്. 100 കോടി രൂപ തലശ്ശേരി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് ആ കമ്പനി (കനേഡിയൻ) കൊടുക്കുമെന്നുള്ളതിന്റെ പേരിൽ വലിയൊരു സാമ്പത്തികഭാരം ഏറ്റെടുത്തിരിക്കുകയാണ്. ക്യാൻസർ ആശുപത്രി വേണം. അതിന് 100 കോടി രൂപയും കൊടുക്കണം. പക്ഷെ അതു ഗവണ്മെന്റിന്റെ അക്കൗണ്ടിൽ നിന്നായിരിക്കണം. പവർ പ്രോജക്ടിന്റെ കോസ്റ്റ് വർദ്ധിപ്പിച്ചു കൊണ്ടായിരിക്കരുത്. ഇതുപോലെ നിങ്ങൾ ചെയ്തിട്ടുള്ള പിടിപ്പുകേടുകൾ, യാതൊരു തത്വദീക്ഷയുമില്ലാത്ത നടപടികൾ, അതു ശരിയല്ല. നിങ്ങൾക്ക് ആകെയൊരൊറ്റ കാര്യം മാത്രമേയുള്ളൂ. രണ്ടായിരാമാണ്ടിൽ വൈദ്യുതി സ്വയംപര്യാപ്തത നേടണം. നിങ്ങൾ രണ്ടായിരാമാണ്ടിനു മുൻപ്, ഈ വർഷം തന്നെ അതു നേടിയെന്നുവരെ അവകാശപ്പെടും. കാരണം, 26 വ്യവസായങ്ങൾ പൂട്ടിക്കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ ഇലക്ട്രോ കെമിക്കൽസ് എന്ന സ്ഥാപനം പൂട്ടി. സാമ്പത്തികമായിട്ട് കുറേ ബുദ്ധിമുട്ടുകൾ അവർക്കുണ്ടായിരുന്നു. പക്ഷെ വൈദ്യുതി ചാർജ്ജ് വർദ്ധനവുകൂടി ആയപ്പോൾ ആ വ്യവസായസ്ഥാപനം പൂർണ്ണമായും പൂട്ടി. ഇന്ന് എന്താണ് സ്ഥിതി എന്നറിയാമോ? വൈദ്യുതി ചാർജ്ജ് വർദ്ധനവ് നിലനിൽക്കുന്നിടത്തോളം കാലം അവർക്ക് തുറക്കാൻ സാധിക്കുകയില്ല. ഒരു ചെറിയൊരു ആശ്വാസമുള്ളത്; അവർ സ്വന്തമായിട്ട് ഒരു പവർ ജനറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്. അതു പൂർത്തിയായാലെങ്കിലും ആ സ്ഥാപനം തുറക്കുമോയെന്നുള്ള പ്രതീക്ഷയിലാണ് അവിടെയുള്ള തൊഴിലാളികൾ. 26 വ്യവസായങ്ങൾ.....

മി. സ്പീക്കർ : അതു വേറൊരു ദിവസം പ്രത്യേകം എടുക്കാം.

ശ്രീ. ഉമ്മൻചാണ്ടി : അതും ഇതിൽ വരും. 26 വ്യവസായങ്ങൾ ഇതിനോടകം പൂട്ടി. ടി.സി.സി. ഒരു പൊതുമേഖലാസ്ഥാപനമാണ്. സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ഇത്രയും ഗുരുതരമായ പ്രശ്നങ്ങളുണ്ടായിട്ടും അതിനെക്കുറിച്ച് ചർച്ച വേണ്ട എന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന അങ്ങേയറ്റം നിരാശാജനകമാണ്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്, അങ്ങ് പറഞ്ഞതുപോലുള്ള ന്യായങ്ങൾ ഈ വർദ്ധനവിന്റെ പുറകിലുണ്ടെങ്കിൽ നിങ്ങൾ തുറന്നു പറയണം. നമുക്ക് ചർച്ച ചെയ്യാം. ഇവിടെ വൈദ്യുതി ഉൽപ്പാദന നിരക്ക് വർദ്ധിപ്പിച്ച്, ഇവിടത്തെ വ്യവസായസ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് സഹായകരമാകുമെങ്കിൽ അതിനു ഞങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളാരും എതിരു നിൽക്കുകയില്ല. ഞങ്ങൾ അനുകൂലമായ നിലപാടു സ്വീകരിക്കും. പക്ഷെ കാര്യങ്ങൾ ഞങ്ങളെക്കൂടി ബോദ്ധ്യപ്പെടുത്തണം. ഇവിടത്തെ വ്യവസായങ്ങളെ തകർക്കുന്ന, വാണിജ്യമേഖലയെ തകർക്കുന്ന വൈദ്യുതി നിരക്ക് വർദ്ധനവ് അടിയന്തിരമായി നിർത്തിവയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ന്യായങ്ങൾ അത്രയുമുണ്ടെങ്കിൽ സഭയുടെ ഒരു സമിതി അതു പരിശോധിക്കട്ടെ. അങ്ങ് ഒരു സമിതിയെ നിയോഗിക്കണം. ടെലിഫോൺ ചാർജിന്റെ വർദ്ധനവ് വന്നപ്പോൾ കേന്ദ്രത്തിൽ സ്വീകരിച്ച സമീപനം അതാണ്. പാർലമെന്റിന്റെ ഒരു സമിതിയെ നിയോഗിച്ചു. നിങ്ങൾക്ക് ഭൂരിപക്ഷമുള്ള സമിതിയല്ലേ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് ഭൂരിപക്ഷമുള്ള സമിതിയല്ലേ? നിങ്ങൾക്ക് ഇത്രയും ന്യായങ്ങളുണ്ടെങ്കിൽ ഒരു സമിതിയെ വച്ചു പരിശോധിപ്പിച്ച് ബോദ്ധ്യപ്പെടുത്തണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെയൊരു നിർദ്ദേശം വച്ചപ്പോൾ അതിനെ തള്ളിക്കളഞ്ഞു. യാതൊരു കാരണവശാലും ചാർജ് വർദ്ധനവു പിൻവലിക്കില്ല എന്നു മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ ഇരുട്ടിലേയ്ക്ക് നീക്കുന്ന നടപടിയാണിത്. ഹർത്താൽ പോലുള്ള നടപടികൾ ചാർജ്ജ് വർദ്ധനവിന് എതിരായിട്ടുള്ള നീക്കങ്ങളാണെന്ന് ശ്രീ. ശർമ്മ പറഞ്ഞു. ഈ നിലപാട് മാറ്റണം. ചാർജ് വർദ്ധനവ് അടിയന്തിരമായി പിൻവലിക്കണം. അക്കാര്യം സഭാസമിതി പരിശോധിക്കണം. അർഹിക്കുന്ന, ന്യായമായിട്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, വൈദ്യുതി ചാർജ് വർദ്ധനവ് അനിവാര്യമാക്കിത്തീർത്ത സാഹചര്യം ഹ്രസ്വമായിട്ട് ഞാൻ വിശദീകരിച്ചതിനെ ബഹുമാന്യനായ ഉമ്മൻചാണ്ടി വ്യാഖ്യാനിക്കുകയും, ഒരർത്ഥത്തിൽ പറഞ്ഞാൽ കണ്ണടച്ച് ഇരുട്ടാക്കുകയും ചെയ്യുന്ന വിധത്തിൽ അദ്ദേഹത്തിന്റെ വാദങ്ങളെ ന്യായീകരിക്കാൻ ശ്രമിക്കുകയുമാണ് .ചെയ്തത്. ഒരു കാര്യം എടുത്താൽ മതി. ജലവൈദ്യുതപദ്ധതികളുടെ സ്ഥാനത്ത് ആവശ്യം നിറവേറ്റാതെ വന്നപ്പോൾ താപനിലയങ്ങളെ ആശ്രയിക്കേണ്ടതായി വന്നു എന്നു ഞാൻ പറഞ്ഞു. അതു ഹൈഡ്രോ പവർ പ്രോജക്ടിന്റെയും താപനിലയത്തിന്റെയും കോസ്റ്റ് റേഷ്യോയുടെ കാര്യത്തിൽ തികച്ചും വ്യത്യസ്തവുമാണ്. അതു അംഗീകരിക്കുന്നുവെന്നും പറഞ്ഞു. അതിൽ ഈ ഗവണ്മെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി അദ്ദേഹം നടത്തിയിട്ടുള്ള വാദത്തിന്റെ പ്രധാനപ്പെട്ട പോയിന്റ് ഈ ഗവണ്മെന്റിന്റെ പിടിപ്പുകേടിന്റെ ഫലമായി, ബോർഡിന്റെ അശ്രദ്ധയുടെ ഫലമായി കായംകുളത്തു നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന പവറിന്റെ എഗ്രിമെന്റിനെത്തുടർന്നാണ് ഈ അധികഭാരം കേരളത്തിലെ വ്യവസായങ്ങളെ ശവപറമ്പിലേയ്ക്ക് തള്ളിവിടാൻ ഇട വന്നതെന്നാണ്. അങ്ങ് ഒരു കാര്യം മനസ്സിലാക്കുക. ആ എഗ്രിമെന്റ് 1995 ജനുവരി മാസം 6-ാം തീയതിയാണ് ഒപ്പു വച്ചത്..... (ബഹളം).....

ഡോ. എം.എ. കുട്ടപ്പൻ : അല്ല.

ശ്രീ. എസ്. ശർമ്മ : ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു; 1995 ജനുവരിമാസം 6-ാം തീയതിയാണ്. അങ്ങു ചൂണ്ടിക്കാണിച്ചതായ ഒരു ന്യൂനത അതിനകത്തുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി : ആ രേഖ മേശപ്പുറത്തു വയ്ക്കണം.

ശ്രീ. എസ്. ശർമ്മ : അതു 1995 ജനുവരി 6-ാം തീയതിയിലെയാണ്. അതിന് 1999-ൽ ഈ ദിനത്തിൽ ഞാൻ മറുപടി പറയണമെന്നു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ണടച്ച് ഇരുട്ടാക്കുന്നതിനു തുല്യമാണ്. അതാണ് എന്റെ പോയിന്റ്. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു. 1995-ലെയാണ്.

എനിക്കു ആ രേഖ മേശപ്പുറത്തു വയ്ക്കുന്നതിൽ വിരോധമില്ല. ആ രേഖ മറച്ചുപിടിക്കേണ്ട യാതൊരു കാര്യവുമില്ല. 1995 ജനുവരി മാസം 6-ാം തീയതിയാണ് എൻ.ടി.പി.സി. യുമായി വൈദ്യുതി ബോർഡ് ഉണ്ടാക്കിയെന്നു വിശദീകരിച്ചിട്ടുള്ള എഗ്രിമെന്റ് വയ്ക്കുന്ന ഡേറ്റ്. അപ്പോൾ കേരളത്തെ ശവപ്പറമ്പാക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് പറയണം. സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി അഭിപ്രായം പറയുകയും കാര്യങ്ങൾ യാഥാർത്ഥ്യത്തോടുകൂടി മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ഒരാളാണ് അങ്ങ് എന്ന ധാരണയ്ക്ക് മങ്ങലേൽക്കാതിരിക്കാൻ അങ്ങ് ഒന്നുകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ആ രേഖ മേശപ്പുറത്തു വയ്ക്കണം.

<u>ശ്രീ. എസ്. ശർമ്മ</u> : ഞാൻ മേശപ്പുറത്തു വയ്ക്കാം. ഒരു വിരോധവുമില്ല. 1995 ജനുവരി 6 എന്നു ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞതല്ലേ. ബോർഡിലുള്ള എഗ്രിമെന്റ് അല്ലേ? അതു ഞാൻ പറഞ്ഞാൽ അതിവിടെ വയ്ക്കാതിരിക്കേണ്ട കാര്യമില്ലല്ലോ? ബോർഡിൽ കിട്ടുന്നതാണ്. ഇവിടെ വയ്ക്കാവുന്നതാണ്. അതിനൊരു പ്രശ്നവുമില്ല. ഇവിടെയുള്ള പ്രശ്നം ആദ്യം അങ്ങു മനസ്സിലാക്കണം. അതിന്റെ യഥാർത്ഥ കാരണത്തിലേയ്ക്കാണ് അങ്ങു പോകുന്നതെങ്കിൽ ഞാൻ പറഞ്ഞ കാര്യം കൊണ്ട് വ്യക്തമാകും. രണ്ടാമതൊരു സംഗതി, ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ തൊണ്ണൂറ്റിയൊൻപതര പൈസ ഉൽപ്പാദനച്ചെലവു വരുമെന്നു പറഞ്ഞു. അങ്ങു പറഞ്ഞതുപോലെ കേരളത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് ഉൽപ്പാദനരംഗത്ത് അതിഗുരുതരമായ ഇടപെടൽ നടത്തണമെന്ന് ഗവണ്മെന്റ് നയപരമായി ഇവിടെ പ്രഖ്യാപിച്ചു. ഇടപെടൽ നടത്താൻ നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. 1940-ൽ പള്ളിവാസൽ പദ്ധതി ആരംഭിച്ചശേഷം നീണ്ട 55 വർഷക്കാലത്തിനുള്ളിൽ കേരളമാകെ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ സ്ഥാപിതശേഷി ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ 1505 മെഗാവാട്ട് ആയിരുന്നു. ഇപ്പോഴത് 535 മെഗാവാട്ട് കൂടി സ്ഥാപിതശേഷി ആർജിച്ചിട്ടുണ്ട്. അങ്ങ് വിശദീകരിച്ചതായ ബി.എസ്.ഇ.എസ്. ന്റെ 160 മെഗാവാട്ട് വൈദ്യുതി ഉല്പാദന പദ്ധതി ഈ വരുന്ന 27-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. പത്തിരുപത് വർഷക്കാലം പഴക്കമുള്ള 50 മെഗാവാട്ടിന്റെ കക്കാട് ജല വൈദ്യുത പദ്ധതി ജൂലൈ 17-ാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 55 വർഷക്കാലം കൊണ്ട് കേരളം വൈദ്യുതി ഉല്പാദനരംഗത്ത് 1505 മെഗാവാട്ടാണ് സ്ഥാപിതശേഷി കൈവരിച്ചതെങ്കിൽ ഈ മൂന്നുവർഷത്തിനിടയിൽ എന്നുപറയുമ്പോൾ, മുൻപ് നടന്ന പ്രവർത്തനങ്ങളുടെ തുടർച്ച തന്നെയാണെന്നുള്ളതിന് അഭിപ്രായവ്യത്യാസമില്ല. പക്ഷേ അതിനൊരു ക്രമവും ചിട്ടയും ഇച്ഛാശക്തിയും ദൃഢതയും സമയബന്ധിതവുമായ ഒരു നിലപാട് സ്വീകരിച്ചതിനെത്തുടർന്ന് 55 വർഷംകൊണ്ട് ഉല്പാദിപ്പിച്ചതിന്റെ നേർപകുതി വൈദ്യുതി ഈ മൂന്നുവർഷത്തിനിടയിൽ കേരളത്തിൽ ഉൽപ്പാദനരംഗത്തുണ്ടായി. അങ്ങനെയാണ് കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്നത്..... ബഹളം..... ഞാൻ കട്ട് ഓഫ് ഈയർ വയ്ക്കുന്നത് ഒരു വസ്തുത മനസ്സിലാക്കാൻ വേണ്ടിയാണ്. 55 വർഷം പിന്നിട്ട സന്ദർഭത്തിൽ ഉല്പാദിപ്പിച്ചതിന്റെ നേർ പകുതി വൈദ്യുതി ഈ ഘട്ടത്തിൽ ഉല്പാദിപ്പിച്ചിട്ടുണ്ട്..... ബഹളം..... നിങ്ങൾ തുടങ്ങിയത് ശരിയാണല്ലോ. തുടങ്ങിയതുണ്ടാകാം, പൂർത്തീകരിക്കാതെ കിടന്നതുണ്ടാകാം, ഇപ്പോൾ തുടങ്ങിയതു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകാം, തുടങ്ങിയത് പൂർത്തീകരിച്ചതുണ്ടാകാം, ഇതെല്ലാമുണ്ടാകാം, ഞാൻ ഒരു വസ്തുതയല്ലേ പറഞ്ഞത്? 55 കൊല്ലംകൊണ്ട് ഉൽപാദിപ്പിച്ചതിന്റെ സ്ഥാപിതശേഷിയുടെ പ്രകടമായ വ്യത്യാസം ഈ മൂന്നുകൊല്ലംകൊണ്ട് കേരളത്തിലുണ്ട്. 1992, 1993, 1994, 1995 എന്നീ നാലു ഘട്ടങ്ങളിലായി കേരളത്തിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടല്ലോ? ഉല്പാദനത്തിന്റെ വർദ്ധനവെത്ര യാണ് അന്നുണ്ടായിരുന്നത്? 17 മെഗാവാട്ട്. ഇപ്പോൾ വർദ്ധിപ്പിച്ചപ്പോൾ എത്ര യാണ്? 55 കൊല്ലത്തിന്റെ നേർ പകുതിയുടെ വ്യത്യാസമുണ്ട്. ഒരു ഇരുട്ടും പകലും പോലുള്ള വ്യത്യാസം പ്രത്യക്ഷത്തിലുണ്ട്. അപ്പോൾ ഉല്പാദനചെല വിനെ അടിസ്ഥാനമാക്കി കൂടുതൽ വിലയ്ക്ക് കറന്റ് ഉല്പാദിപ്പിച്ചിട്ട് കുറഞ്ഞ വിലയ്ക്ക് കൊടുക്കണമെന്നുപറഞ്ഞാൽ നടത്താൻ പറ്റുമോ? ഈ പ്രശ്നമേ യുള്ളൂ. ഹൈഡ്രോ പ്രോജക്ടിനെ അപേക്ഷിച്ച് തെർമൽ പ്രോജക്ടിന് ചാർജ് കൂടുതലാണ്. പരമാവധി ഹൈഡ്രോ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക എന്നതുതന്നെയാണ് ഗവണ്മെന്റിന്റെ നയം. അതേസമയം കേരളത്തിന്റെ ആവശ്യം നിറവേറ്റാൻ കഴിയത്തക്കവിധത്തിൽ ഈ രൂപത്തിൽ ഒരു സ്റ്റെപ്പ് എടുത്തിട്ടുണ്ട്. ഉല്പാദിപ്പിക്കപ്പെടുന്നതിന്റെ കാര്യം രണ്ടായിരാമാണ്ടുവരെ പോകണ്ട എന്ന് അങ്ങു പറഞ്ഞല്ലോ? രണ്ടായിരാമാണ്ടിൽ കേരളം സ്വയംപ ര്യാപ്തതയിലേയ്ക്കു പോകുമെന്നുപറഞ്ഞ് പത്രത്തിൽ പരസ്യമുണ്ടായി രുന്നു. ഇത് നടക്കുന്ന കാര്യമല്ല എന്നു പറഞ്ഞ് പ്രതിപക്ഷത്തുനിന്നും പ്രസം ഗിച്ച രേഖ ഇവിടെയുണ്ട്. ഇത് നടക്കുന്നതല്ല എന്നുപറഞ്ഞ് ആക്ഷേപിക്കു കയും കളിയാക്കുകയുമാണല്ലോ? ഇപ്പോൾ രണ്ടായിരാമാണ്ടിനുമുൻപ് ഇത് നടക്കുമെന്ന് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത് വെറുതെ നടക്കുമെന്നാണോ? ഊർജ്ജോപയോഗത്തെ അടിസ്ഥാനമാക്കി ക്വാളിറ്റി പവർ സപ്ലൈ ചെയ്യാൻ കഴിയത്തക്ക വിധത്തിൽ സിസ്റ്റം ഇംപ്രൂവ് ചെയ്യുന്നതുകൂടി ലക്ഷ്യം വച്ചുകൊ ണ്ടാണ് രണ്ടായിരം എന്നു പറയുന്നത്. രണ്ടായിരാമാണ്ടിൽ ആ ലക്ഷ്യം കൈവരിക്കുന്നതിന് ക്വാളിറ്റി പവർ അടക്കം സപ്ലൈ ചെയ്തുകൊണ്ട് സ്വയം പര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ഇനിയും പുതിയ പ്രോജക്ടുകൾ ആവശ്യമാണ്. ഇനിയും പുതിയ പ്രോജക്ടുകൾ ആവശ്യമാണെങ്കിൽ കേരള ത്തിലെ വൈദ്യുതി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തണം. അങ്ങ് മിച്ചത്തിന്റെ കാര്യം പറഞ്ഞല്ലോ, അത് ബഹുമാന്യനായ ജി. കാർത്തി കേയനോടും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയോടും ചോദിച്ചാൽ അറിയാം. 3% സർപ്ലസ് കാണിക്കണമെന്നുള്ള വിവരം എന്താണെന്ന് അവരോട് ചോദി ച്ചാൽ അറിയാം. 1985-ൽ രാജീവ്ഗാന്ധിയുടെ കാലത്ത് ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് എല്ലാ ബോർഡുകളിലും സർപ്ലസ് 3% കാണിച്ചിരിക്കുന്നു എന്ന് ഉറപ്പാക്കണമെന്ന് പറഞ്ഞുകൊ ണ്ടുള്ള ഇൻഡ്യാ ഗവണ്മെന്റിന്റെ ഡയറക്ഷനുണ്ടായിരുന്നു. അതിന്റെ അടി സ്ഥാനത്തിൽ കണക്കുമുണ്ട്. ബഹുമാനപ്പെട്ട ജി. കാർത്തികേയനും ശ്രീ. ആര്യാടൻ മുഹമ്മദിനും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും ആ കാര്യം മനസ്സിലായിട്ടുണ്ടാകും. അതേസമയം ബോർഡിന്റെ പെർ ഡേയുള്ള നഷ്ടം ഞാൻ പറഞ്ഞത് പച്ചയായ സത്യമാണ്. ഉല്പാദനചെലവ് 1 രൂപ 99½ പൈസയും വരവ് ഒരു രൂപ 44 പൈസയുമാണ്. അതായത് ഫിക്സഡ് അസ റ്റിൽ ബോർഡ് വർഷംതോറും 3% ലാഭം ഉണ്ടാക്കാൻ കണക്ക് കാണിക്കുന്ന താണ്. ഇത് അങ്ങേയ്ക്കറിയാമല്ലോ. സബ്സിഡി കൊടുത്തു എന്ന് കണക്കാ ക്കിക്കൊണ്ടല്ലേ സർക്കാർ ഇത് കൈകാര്യം ചെയ്യുന്നത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നമ്മൾ കണക്കാക്കിയാൽ അത് അക്കൗണ്ടന്റ് ജനറൽ അംഗീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ആഡിറ്റിന് വിധേയമാക്കിക്കൊണ്ടുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി കൊണ്ടുവരുന്ന രേഖാപരമായ ഒരു കാര്യമാണ്. സർക്കാർ അതിനാവശ്യമായി ബാക്കിവരുന്ന എമൗണ്ട് സബ്സിഡിയായി കൊടുത്ത തായി കണക്കാക്കി ബാലൻസ് ഷീറ്റ് പ്രിപ്പയർ ചെയ്തിട്ടാണ് ഇതുവരുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സബ്സിഡി എമൗണ്ട് ഡ്യൂട്ടിയിൽ കാണി ക്കുന്നില്ലേ?

ശ്രീ. എസ്. ശർമ്മ : ഡ്യൂട്ടി കിട്ടുന്നത് എപ്പോഴാണ്? താരിഫ് റിവിഷൻ വരുമ്പോൾ മാത്രമേ ഡ്യൂട്ടി വരുന്നുള്ളൂ. റിവിഷൻ ഇല്ലാത്തപ്പോൾ ഡ്യൂട്ടി യുടെ പ്രശ്നം വരുന്നില്ല. വ്യവസായത്തിന്റെ കാര്യത്തെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. താരിഫ് റിവിഷന്റെ മാത്രം ഫലമായി ഏതെങ്കിലുമൊരു വ്യവ സായം കേരളത്തിൽ പ്രതിസന്ധിയിലേയ്ക്ക് പോകുമെന്നുണ്ടെങ്കിൽ അത്തരം വ്യവസായങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഗവണ്മെന്റ് ബോർഡിന് നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അങ്ങേക്കറിയാമല്ലോ 100% പവർ ഫ്രീയായി കൊടുത്താലും നടത്താൻ പറ്റാത്ത വ്യവസായം കേരള ത്തിലില്ലേ? അത് റിവിഷൻ ചെലവിൽ എഴുതിതള്ളാൻ പറ്റുമോ? 100% പവർ വെറുതെ കൊടുത്താലും നടത്താൻ കഴിയാത്ത വിധത്തിൽ പ്രതിസന്ധി നേരി ടുന്ന വ്യവസായങ്ങൾ കേരളത്തിലുണ്ട്. ന്യൂ ഇക്കണോമിക് പോളിസിയുടെ ഫലമായി എത്രയോ വ്യവസായങ്ങൾ കേരളത്തിൽ പ്രതിസന്ധിയിലുണ്ട്. അതിലൊക്കെ ഗവണ്മെന്റ് നിലപാട് വളരെ വ്യക്തമാണ്. താരിഫ് റിവിഷന്റെ ഫലമായി ഏതെങ്കിലുമൊരു വ്യവസായം അടച്ചുപൂട്ടലിലേയ്ക്ക് പോകാൻ ഇടവരാത്ത വിധത്തിൽ വ്യവസായ സംരക്ഷണത്തിനാവശ്യമായ നിലപാട് ഗവണ്മെന്റ് സ്വീകരിക്കും. അത് ഞാൻ ആദ്യമേതന്നെ വ്യക്തമാക്കി. ഫൈനാൻസ് മെമ്പർ ചെയർമാനായി ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ മുൻപിൽ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വരുമ്പോൾ ആ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമായി കൂടിയാലോചിച്ച് ഇതുമാ ത്രമാണ് കാരണമെങ്കിൽ അതിനെ അടിസ്ഥാനമാക്കി വ്യവസായത്തിന്റെ സംരക്ഷണത്തിനാവശ്യമായ നിലപാട് സ്വീകരിക്കുമെന്ന് പറഞ്ഞിട്ടു ണ്ട്..... ബഹളം..... 250-ഉം 500-ഉം എന്ന് ഇവിടെ പറഞ്ഞു. ഏതെങ്കി ലുമൊരു സ്ലാബ് അടർത്തിയെടുത്തുമാത്രം അങ്ങ് ഇങ്ങനെ വ്യാഖ്യാനിക്കു ന്നത് ശരിയാണോ?

ശ്രീ. ഉമ്മൻചാണ്ടി : 100 ഉദാഹരണം ഞാൻ പറയാം.

ശ്രീ. എസ്. ശർമ്മ : കൊമേഴ്സ്യലുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കി ലുമൊരു സ്ലാബുമാത്രം അടർത്തിയെടുത്ത് ഇങ്ങനെ പറയരുത്. ചെറുകിട കച്ചവടക്കാരുടെ ചില ബുദ്ധിമുട്ടിന്റെ പ്രശ്നം അങ്ങു പറഞ്ഞു. കണക്ടഡ് ലോഡ് 500 വാട്ട് എന്നുള്ളത് 1000 വാട്ട് ആക്കുന്നതിനുള്ള ചെറുകിട കച്ചവട ക്കാരുടെ താല്പര്യത്തെ അടിസ്ഥാനമാക്കി വന്ന പ്രശ്നങ്ങൾ വച്ച് ഗവണ്മെന്റ് ബോർഡിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് ഞാൻ ആദ്യമേ പറഞ്ഞു. വൻകിട കച്ചവടക്കാരുടെ കാര്യത്തിൽ അങ്ങനെയൊരു ആലോചന നട ത്താൻ ഇപ്പോൾ ആവില്ല. വ്യവസായത്തെ സംബന്ധിച്ചിടത്തോളം 5% ഇള വിന്റെ കാര്യം ഞാൻ ആദ്യമേ പറഞ്ഞു. പിന്നെ ഗാർഹികത്തിന്റെ കാര്യം ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞു, ആ കണക്ക് എവിടെ നിന്ന് കിട്ടി യെന്ന് എനിക്കറിയില്ല. ഏതായാലും ഞാൻ ഒരു കാര്യം പറയാം. ഇത് വർദ്ധി പ്പിച്ച കണക്കാണ്. 30 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിരുന്ന ഒരാൾക്ക് ഇപ്പോൾ കൊടുക്കേണ്ടിവരുന്നത് 21 രൂപയാണ്. വർദ്ധനവിന്റെ ഫലമായി

കൊടുക്കേണ്ടി വരുന്നത് 23 രൂപയാണ്. രണ്ടുരൂപയുടെ വർദ്ധനവാണ് വന്നിട്ടുള്ളത്. 35 യൂണിറ്റ് വൈദ്യുതിയുപയോഗിച്ചിരുന്ന ഒരാൾ വർദ്ധനവിന് മുൻപ് കൊടുത്തിരുന്നത് 25 രൂപയാണ്. എന്നാൽ ഇപ്പോൾ കൊടുക്കുന്നത് 27 രൂപയാണ്, രണ്ട് രൂപയുടെ വർദ്ധനവ്. 40 യൂണിറ്റുവരെ ഉപയോഗിച്ചുകൊണ്ടിരുന്ന ഒരാൾ വർദ്ധനവിന് മുൻപ് കൊടുത്തിരുന്നത് 29 രൂപയാണ്. ഇപ്പോൾ കൊടുക്കുന്നത് 31 രൂപ. രണ്ടുരൂപയുടെ വർദ്ധനവ്. 45 യൂണിറ്റുപയോഗിച്ചിരുന്ന ഒരാൾ നിലവിൽ കൊടുത്തുകൊണ്ടിരുന്നത് 34 രൂപയാണ്. ഇപ്പോൾ കൊടുക്കേണ്ടിവരുന്നത് 37 രൂപയാണ്. മൂന്ന് രൂപയാണ് വർദ്ധനവ്. നിങ്ങൾ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് കള്ളക്കണക്ക് പറഞ്ഞ് ജനങ്ങളെ പറ്റിക്കാമെന്ന് വിചാരിക്കരുത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ വ്യവസായങ്ങൾക്ക് നൂറു ശതമാനം പവർകട്ടുണ്ടായിരുന്നു. ആ സ്ഥാനത്ത് ഇന്ന് വ്യവസായങ്ങൾക്ക് ആവശ്യമായ പവർ അല്പം വിലകൂട്ടിയാണെങ്കിലും പൂർണ്ണമായും കൊടുത്ത് സംരക്ഷിക്കാൻ കഴിയുന്ന നടപടി സ്വീകരിച്ചപ്പോൾ ഉൽപ്പാദനച്ചെലവിനെ അടിസ്ഥാനമാക്കിക്കൊണ്ടുവരുന്ന വർദ്ധനവ് കാണുമെന്ന് പറഞ്ഞല്ലോ. ഉൽപ്പാദനച്ചെലവ് കൂടുകയും വരവ് കുറയുകയും ചെയ്താൽ ഏതെങ്കിലുമൊരു പ്രോജക്ടുണ്ടാകുമോ? അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളല്ലേ? പത്ത് രൂപ ചെലവാക്കി എട്ട് രൂപ വരവ് വെച്ച്, രണ്ടുരൂപ നഷ്ടം വച്ച് ഏതെങ്കിലും ഒരു പ്രോജക്ട് ഉണ്ടാക്കുമോ? ഇവിടെ ലയബിലിറ്റിയുടെ പ്രശ്നം തന്നെയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 50 യൂണിറ്റ് ഉപയോഗിക്കുന്ന ഒരു ഉപഭോക്താവിന് 39 രൂപ കൊടുത്തുകൊണ്ടിരുന്നിടത്ത് ഇപ്പോൾ കൊടുക്കേണ്ടത് 43 രൂപയാണ്. നാല് രൂപയുടെ വർദ്ധനവ്. 55 യൂണിറ്റ് ഉപയോഗിച്ചുകൊണ്ടിരുന്ന ഒരാൾ കൊടുത്തുകൊണ്ടിരുന്നത് 43 രൂപയാണ്. ഇപ്പോൾ കൊടുക്കേണ്ടി വരുന്നത് 49 രൂപയാണ്, ആറ് രൂപയുടെ വർദ്ധനവ്. 100 യൂണിറ്റ് ഉപയോഗിച്ചിരുന്ന ഒരാൾ കൊടുത്തുകൊണ്ടിരുന്നത് 90 രൂപയാണ്. ഇപ്പോൾ കൊടുക്കേണ്ടി വരുന്നത് 108 രൂപയാണ്, 18 രൂപയുടെ വർദ്ധനവ്. ഇതിൽ നിന്നും വ്യത്യസ്തമായി ചില ബില്ലുകൾ കേരളത്തിൽ കൊടുത്തിട്ടുണ്ടെന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നോട്ടിഫൈ ചെയ്തിരിക്കുന്നത്, ഗവണ്മെന്റ് ക്യാബിനറ്റ് അംഗീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലുള്ളതാണ്.....(ബഹളം).....നിങ്ങൾക്ക് ഇഷ്ടമുള്ള മറുപടി പറയുവാൻ എനിക്ക് പറ്റുകയില്ല.....(ബഹളം).....(ബഹളം)..... ഗവണ്മെന്റ് സ്വീകരിച്ച നടപടിയെ അടിസ്ഥാനമാക്കിക്കൊണ്ടേ എനിക്ക് പറയുവാൻ പറ്റുകയുള്ളൂ.....(ബഹളം).....

<u>മി. സ്പീക്കർ</u> : അദ്ദേഹം പൂർത്തിയാക്കട്ടെ.

<u>ശ്രീ. എസ്. ശർമ്മ</u> : കേരളത്തിലെ 52 ലക്ഷം ഗാർഹിക ഉപഭോക്താക്കളിൽ 120 യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്ക് എട്ട് മുതൽ 22 ശതമാനം വരെയുള്ള വർദ്ധനവാണ് നൽകുന്നത്. ഈ പറയുന്ന കണക്കിൽ നിന്ന് വ്യത്യസ്തമായി ചില ഓഫീസുകളിൽ ബില്ലിംഗ് നടന്നുവെന്നുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ ഒരു കാര്യം മനസ്സിലാക്കുന്നുണ്ട്. വരാൻ പോകുന്ന തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ടാണ് ചില ഉദ്യോഗസ്ഥന്മാർ ബില്ലിംഗിൽ കൃത്രിമം നടത്തുവാൻ ശ്രമിക്കുന്നത്. ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഗൗരവമായി പരിശോധിച്ച് ക്യാബിനറ്റ് അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി ആരെങ്കിലും എവിടെയെങ്കിലും ഇത്തരം കാര്യങ്ങൾ ചെയ്താൽ അവരുടെ പേരിൽ കർശന നടപടി സ്വീകരിക്കും എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്.....(ബഹളം).....(ബഹളം).....എന്നെ സംസാരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണം.....(ബഹളം).....ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി വിശദീകരിച്ചത് മുഴുവൻ ഞാൻ ക്ഷമയോടുകൂടി കേട്ടുകൊണ്ടിരുന്നില്ലേ? നിങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ മറുപടി പറയുവാൻ പറ്റുകയില്ല, ഗവണ്മെന്റ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലേ എനിക്ക് മറുപടി പറയുവാൻ പറ്റുകയുള്ളൂ. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞില്ലേ ഇനിയൊരു കാര്യം മുൻകൂറായി മന്ത്രി പറയാൻ പോകുന്നത് എന്താണെന്ന് എനിക്കറിയാം എന്ന്, അതൊരു മുൻകൂർ ജാമ്യം തേടലാണ്. എന്താണെന്നറിയാമോ? കേരളം വ്യവസായത്തിന്റേയും ഗാർഹിക ഉപഭോക്താക്കളുടേയും വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുപോലും മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വൈദ്യുതി നിരക്ക് കുറവാണെന്നു പറഞ്ഞത് പ്രതിപക്ഷത്തിന്റെ ആർഗ്യുമെന്റിന്റെ മുനയൊടിയുമെന്നുള്ളതുകൊണ്ട് മുൻകൂറായി പറഞ്ഞതാണ്. അതിർത്തിയിൽ വെടിപൊട്ടുന്ന സമയത്ത് ആരെങ്കിലും ഇൻഡ്യയിൽ ഹർത്താൽ സംഘടിപ്പിക്കുമോ? ഹർത്താൽ സംഘടിപ്പിച്ചത് ഇലക്ഷൻ ലക്ഷ്യം വച്ചുകൊണ്ടാണ്. കണ്ണടച്ച് ഇരുട്ടാക്കാൻ നടത്തുന്ന ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. കേരളത്തിലെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് ഇലക്ഷനാണെന്നറിഞ്ഞിട്ടും, കേരളത്തെ പൂർണ്ണമായും ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കാനുള്ള ഇച്ഛാശക്തിയുള്ള ഒരു നടപടിയുമായിട്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ട് പോകുന്നത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും തികച്ചും അനാരോഗ്യകരമായ, കണ്ണടച്ച് ഇരുട്ടാക്കാൻ വേണ്ടി നടത്തുന്ന ശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്ന് വിശ്വസിച്ചുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ അവസ്ഥയല്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കർ സർ, ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന് ബഹുമാന്യനായ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയുടെ മറുപടി എന്നെ ഞെട്ടിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി കേരള നിയമസഭയിലാണ് സംസാരിച്ചത്, അല്ലാതെ മൈതാനത്തല്ല. കേരള നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് പറഞ്ഞിരിക്കുന്നത് 1995-96-ലും, 1996-97 ലും, 1997-98-ലും കേരള ഇലക്ട്രിസിറ്റി ബോർഡ് ലാഭകരമായി പ്രവർത്തിച്ചിരുന്നു എന്നാണ്. ഈ നിയമസഭയിൽ ചോദ്യോത്തര വേളയിൽ നേരത്തെ മന്ത്രിയായിരുന്ന ശ്രീമാൻ പിണറായി വിജയനും, തുടർന്ന് ശ്രീ. ശർമ്മയും നൽകിയ ഉത്തരങ്ങൾ കെട്ടിച്ചമച്ചതാണെന്ന് മന്ത്രി ഇന്ന് ഇവിടെ പറഞ്ഞിരിക്കുകയാണ്. സി.&എ.ജി. കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്ക് പരിശോധിച്ചതിനുശേഷം അദ്ദേഹംകൂടി അംഗീകരിച്ച റിപ്പോർട്ട് മന്ത്രിസഭയ്ക്കുവേണ്ടി, ഗവണ്മെന്റിനുവേണ്ടി ശ്രീ. പിണറായി വിജയനും, ശ്രീ. എസ്. ശർമ്മയും നൽകിയ ഉത്തരം ഇൻഡ്യാ ഗവണ്മെന്റിനെ കബളിപ്പിക്കാൻ വേണ്ടി കെട്ടിച്ചമച്ച ഒരു റിപ്പോർട്ടാണെന്ന് മന്ത്രി പറഞ്ഞിരിക്കുന്നു. സി.&എ.ജി. ക്ക് കേരള ഗവണ്മെന്റ് നൽകിയ, ഇലക്ട്രിസിറ്റി ബോർഡ് നൽകിയ കണക്കിന്റെയടിസ്ഥാനത്തിൽ, ആ കണക്കിൽ വിശ്വസിച്ചുകൊണ്ട് അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ട് ശരിയായ റിപ്പോർട്ട് അല്ല. ഇൻഡ്യാ ഗവണ്മെന്റിനെ കബളിപ്പിക്കാൻ വേണ്ടി ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണെന്ന് മന്ത്രി ഈ സഭയിൽ പറഞ്ഞിരിക്കുകയാണ്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയും, ഇലക്ട്രിസിറ്റി ബോർഡും, ഈ ഗവണ്മെന്റും സി.&എ.ജി.യേയും ഇൻഡ്യാ ഗവണ്മെന്റിനേയും പറ്റിച്ചിരിക്കുന്നു, കബളിപ്പിച്ചിരിക്കുന്നു.നിങ്ങളെ ആര് വിശ്വസിക്കും? സി.&എ.ജി. അംഗീകരിച്ച റിപ്പോർട്ടുപോലും തട്ടിപ്പാണെങ്കിൽ മന്ത്രി നടത്തിയ ചർച്ചയ്ക്കിടയിൽ പറഞ്ഞ വാചക കസർത്തുകൾ സത്യമാണെന്ന് എന്താണ് ഉറപ്പ്?

നിങ്ങൾ ചോദ്യോത്തരവേളയിൽ എഴുതിത്തന്ന ഉത്തരം കള്ളക്കണക്കാണെങ്കിൽ ഇപ്പോൾ ഇവിടെ പറഞ്ഞത് കള്ളക്കണക്കല്ല എന്നുള്ളതിന് എന്താണ് തെളിവ്? ഈ ഗവണ്മെന്റും വകുപ്പുമന്ത്രിയും പറയുന്ന ഏത് കണക്കാണ് ഈ അസംബ്ളി വിശ്വസിക്കേണ്ടത്; ജനങ്ങൾ വിശ്വസിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ഞങ്ങൾക്ക് ഉത്തരം കിട്ടണം. നിങ്ങൾ എപ്പോൾ, ഏത് ദിവസം, എവിടെ പറയുന്ന കണക്കാണ് ശരിയായത് എന്നുള്ളതിനെ സംബന്ധിച്ച് ഞങ്ങൾക്ക് അറിയണം. ഇവിടന്ന് തരുന്ന ഉത്തരങ്ങളും ഡോക്കുമെന്റ്സുമാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ആ ഡോക്കുമെന്റ്സ് അനുസരിച്ച് കഴിഞ്ഞ മൂന്നു വർഷക്കാലം ഇലക്ട്രിസിറ്റി ബോർഡ് ലാഭത്തിലായിരുന്നുവെന്ന് മുൻമന്ത്രി ശ്രീ. പിണറായി വിജയനും ഇപ്പോഴത്തെ മന്ത്രി ശ്രീ. എസ്. ശർമ്മയും പറഞ്ഞിരിക്കുന്നു. ഏറ്റവുമൊടുവിൽ 1997-98-ൽ 24 കോടി ഉറുപ്പിക യുടെ ലാഭം ഇലക്ട്രിസിറ്റി ബോർഡ് ഉണ്ടാക്കി എന്നാണ് ശ്രീ. എസ്. ശർമ്മ ശ്രീമതി കെ.ആർ. ഗൗരി അമ്മയുടെ ചോദ്യത്തിന് ഉത്തരമായി ഈ സഭയിൽ പറഞ്ഞത്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 1995-96-ൽ ഇലക്ട്രിസിറ്റി ബോർഡ് 20 കോടി ഉറുപ്പികയുടെ ലാഭമുണ്ടാക്കിയെന്ന് ശ്രീ. പിണറായി വിജയൻ നേരത്തെ പറയുകയുണ്ടായി. കഴിഞ്ഞ വർഷംവരെ ആദായമുണ്ടാക്കിയ ഇലക്ട്രിസിറ്റി ബോർഡ് ഒരു വർഷംകൊണ്ട് 800 കോടി ഉറുപ്പികയുടെ ചാർജ് വർദ്ധിപ്പിക്കേണ്ട ഏത് സാഹചര്യമാണ് ഈ കേരളത്തിലുള്ളതെന്ന് വിശദമാക്കണം. പഴയ കഥകൾ അവിടെ നിൽക്കട്ടെ. കഴിഞ്ഞ വർഷം 24 കോടി ഉറുപ്പിക ലാഭമുണ്ടാക്കിയ ബോർഡ് ഈ വർഷം എന്തിനാണ് കേരളത്തിലെ ജനങ്ങളുടെമേൽ 800 കോടി ഉറുപ്പികയുടെ പുതിയ നിരക്കു വർദ്ധനവ് ഏർപ്പെടുത്തിയത്? കായംകുളം താപവൈദ്യുത നിലയത്തിൽനിന്നും കഴിഞ്ഞ വർഷം 115 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. 180 മെഗാവാട്ടുള്ള ലോവർ പെരിയാറും കമ്മിഷൻ ചെയ്തു. ലോവർ പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടാണ്. ഹൈഡൽ പ്രോജക്ടിന്റെ പ്രൊഡക്ഷൻ കോസ്റ്റ് 14 പൈസയിൽ താഴെയാണ്. 14 പൈസയിൽ താഴെ ഉൽപാദനച്ചെലവുള്ള ലോവർ പെരിയാറിന്റെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി 180 മെഗാവാട്ടാണ്. 115 മെഗാവാട്ടുള്ള താപനിലയവും ഹൈഡലും തമ്മിൽ ഉല്പാദനച്ചെലവിന്റെ കാര്യത്തിൽ ഏതാണ്ട് ന്യൂട്രിലൈസ് ചെയ്താണ് പോകുന്നത്. ഇനി കുക്കാട് വരാൻ പോകുന്നു എന്നാണ് പറയുന്നത്. അപ്പോൾ ഇത്രയും ചാർജ് വർദ്ധനവിന്റെ കാരണം ഇലക്ട്രിസിറ്റി ബോർഡിന്റെ പിടിപ്പുകേടാണ്. നിങ്ങൾ കോടാനുകോടി ഉറുപ്പികയുടെ സാധനങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു, ധൂർത്ത് ഉണ്ടാക്കിയിരിക്കുന്നു. അതിനെ സംബന്ധിച്ച് അന്വേഷിക്കണം. വെള്ളം പാഴാക്കിക്കളയുന്നു. അണക്കെട്ടുകൾ നിറഞ്ഞു കിടക്കുമ്പോൾ ഡാം തുറന്നുവിടുന്ന സാഹചര്യത്തിൽപ്പോലും ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തുന്നു. ഇതെല്ലാം നിങ്ങളുടെ കഴിവില്ലായ്മയുടെ ലക്ഷണമാണ്. നിങ്ങളുടെ മാനേജുമെന്റിന്റെ തകരാറാണ്. അതിന്റെയെല്ലാം ഫലമായി ഇലക്ട്രിസിറ്റി ബോർഡ് നഷ്ടത്തിലായിരിക്കുന്നു. അത് നികത്താൻവേണ്ടി ജനങ്ങളുടെമേൽ നികുതിഭാരം അടിച്ചേൽപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. ഇലക്ട്രിസിറ്റി ബോർഡിനകത്ത് പ്രത്യേകിച്ചും

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റു പാർട്ടിക്കകത്ത് ഇന്ന് നടക്കുന്ന മത്സരങ്ങൾ ബോർഡിന്റെ പ്രവർത്തനത്തെത്തന്നെ അട്ടിമറിച്ചിരിക്കുന്നു. അതിന്റെയൊക്കെ ഫലമാണ് ബോർഡ് ഇന്ന് ഈ അപകടത്തിൽ ചാടിയിരിക്കുന്നത്. ഈ നഷ്ടം ജനങ്ങൾ സഹിക്കണം. മേയ് മാസം 14-ാം തീയതി ഈ ഗവണ്മെന്റ് ഇറക്കിയ അസാധാരണ ഗസറ്റിലെ പേജ് 19 അനുസരിച്ചാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇവിടെ സംസാരിച്ചത്. പരമാവധി 26% ചാർജ് വർദ്ധനവാണ് ബില്ലിൽ വന്നിട്ടുള്ളത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കേരളത്തിലെ ഗാർഹിക ഉപഭോക്താക്കളുടെ പരമാവധി ചാർജ് വർദ്ധനവ് 26% ആണോയെന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട എം.എൽ.എ. മാരോടും പത്രപ്രതിനിധികളോടും സന്ദർശകരോടും ഉദ്യോഗസ്ഥൻമാരോടും കേരളത്തിലെ ജനങ്ങളോടും ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഇക്കാര്യം സമ്മതിക്കുകയാണെങ്കിൽ ഞാൻ പരസ്യമായി മാപ്പു പറയാൻ തയ്യാറാണ്. ഇവിടെ ജനങ്ങൾക്കു കിട്ടിയിരിക്കുന്ന ബില്ലിൽ വലിയ വർദ്ധനവാണ് വന്നിട്ടുള്ളത്.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : സന്ദർശകരെ കാട്ട് ചെയ്യാൻ പാടില്ലായെന്ന് റൂളിംഗ് ഉണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സന്ദർശകരെ കാട്ട് ചെയ്തുകൊണ്ട് സംസാരിച്ചത് ഓർഡറിലാണോ?

[11 A.M.]

<u>ശ്രീ. എ.കെ. ആന്റണി</u> : അങ്ങനെയാണെങ്കിൽ ഞാൻ പിൻവലിച്ചിരിക്കുന്നു. കേരളത്തിലെ ജനങ്ങളോട് ഞാൻ ആവശ്യപ്പെടുന്നു. ജനങ്ങൾ പരിശോധിക്കട്ടെ. ശ്രീ. ബാലൻ വൈദ്യർ പരിശോധിക്കട്ടെ. ഈ ബില്ലുകളിൽ 26% ആണോ പരമാവധി ചാർജ് വർദ്ധനവ്? എന്റെ സുഹൃത്ത് പറഞ്ഞത് വസ്തുതകൾക്ക് നിരക്കുന്നതല്ല, അടിസ്ഥാനരഹിതമാണ്. അതിനെക്കുറിച്ച് പറയേണ്ട ഭാഷ ഇതല്ല. നിങ്ങളുടെ ഭാഷയിലാണെങ്കിൽ പറയേണ്ട വാക്ക് വേറെയാണ്. പക്ഷേ ഞാൻ അത് പറയുന്നില്ലെന്നേയുള്ളൂ. ബഹളം..... ഇത് വലിയൊരു ജീവൽ പ്രശ്നമാണ്. ഈ മാസമാണ് ബിൽ വന്നു തുടങ്ങിയത്. ഇലക്ട്രിസിറ്റി ബിൽ ഈ മാസം വന്നപ്പോൾ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്കും കച്ചവട സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും കിട്ടിയ യഥാർത്ഥ ബില്ലിലെ ചാർജ് വർദ്ധനവ് 50% മുതൽ മുകളിലോട്ടാണ്. അതുകൊണ്ട് ജനങ്ങളാകെ ഇന്ന് വിഷമിക്കുകയാണ്. ജനങ്ങൾക്ക് സഹിക്കാവുന്നതിൽ കൂടുതലാണ് ഈ വർദ്ധനവ്. ഇലക്ട്രിസിറ്റി ചാർജും വാട്ടർ ചാർജും വർദ്ധിപ്പിച്ചതിന്റെ ഫലമായിട്ടുള്ള പ്രയാസം ഒരു ഭാഗത്ത്, വ്യാണിജ്യ വ്യവസായസ്ഥാപനങ്ങളുടെ പ്രയാസങ്ങൾ വേറൊരു ഭാഗത്ത്. വ്യവസായസ്ഥാപനങ്ങൾ പലതും പൂട്ടുമെന്ന് അവർ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., യു.ടി.യു.സി., എസ്.ടി.യു. ഇവരെല്ലാം കൂടി സംയുക്തമായി സമരം ചെയ്യുകയാണ്. ഇതൊന്നും കളമശ്ശേരിയ്ക്കടുത്തുള്ള ശ്രീ. ശർമ്മയ്ക്ക് മനസ്സിലാക്കാൻ കഴിയാത്ത നിലയിൽ.....അങ്ങേയ്ക്ക് എന്തുപറ്റി? മന്ത്രിയായപ്പോൾ ഇതൊന്നും മനസ്സിലാകില്ല. പ്രധാനമായി ആലുവ-കളമശ്ശേരി മേഖലയിലെ 25 ഫാക്ടറികൾ അടച്ചു പൂട്ടുമെന്ന് വ്യവസായികളും ട്രേഡ് യൂണിയൻ സംഘടനകളും നിരന്തരമായി പ്രസ്താവന ഇറക്കിയിട്ട്.....ബഹളം.....

<u>ശ്രീ. എസ്. ശർമ്മ</u> : ഒറ്റ വ്യവസായവും പൂട്ടില്ല. ഞാൻ അവരുമായി ചർച്ച ചെയ്തു കഴിഞ്ഞതാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : ഇപ്പോൾ മന്ത്രി പറഞ്ഞിരിക്കുന്ന നിർദ്ദേശം അഴിമതിക്ക് വഴി തെളിക്കും. ഓരോ ഫാക്ടറി മുതലാളിയേയും വിളിച്ചു വരുത്തി നിങ്ങളുടെ ഫാക്ടറിക്ക് എത്ര കറണ്ട് ചാർജ് കൊടുക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യുന്ന നിങ്ങളുടെ കച്ചവട സമീപനം ആപൽക്കരമാണ്. തീരുമാനം പൊതുവായിരിക്കണം. Individual basis-ൽ വ്യവസായികളുമായി നെഗോഷ്യേറ്റ് ചെയ്യുന്നത് ശരിയാണോ? കച്ചവടക്കാരുമായി നെഗോഷ്യേറ്റ് ചെയ്യുക, ഗാർഹിക ഉപഭോക്താക്കളുമായി നെഗോഷ്യേറ്റ് ചെയ്യുക, ഇനിയുള്ളവർ പാർട്ടിയാഫീസിൽ വരട്ടെ. ഞങ്ങളെ പാർട്ടിയാഫീസിൽ വന്നു കാണട്ടെ. ബഹളം..... ഈ സംസ്ഥാനത്തുള്ള ലക്ഷോപലക്ഷം ഗാർഹിക ഉപഭോക്താക്കളും കച്ചവടക്കാരും വ്യവസായികളും അവർക്ക് ബിൽ കൂടിയിട്ടുണ്ടെങ്കിൽ ഒറ്റയ്ക്കൊറ്റയ്ക്ക് പാർട്ടിയാഫീസിൽ പോയി നെഗോഷ്യേറ്റ് ചെയ്യണം. ഇത് കച്ചവടമാണ്..... ബഹളം.....

നിങ്ങളുടെ നെഗോഷ്യേറ്റിംഗ് പോളിസി ആപൽക്കരമാണ്. അത് ഇലക്ഷനുവേണ്ടിയുള്ള ഏർപ്പാടാണ്. ഇപ്പോഴാണ് കള്ളക്കളി വെളിച്ചത്തായത്. പാർലമെന്റ് ഇലക്ഷൻ അടുത്തു വരുന്നു. നെഗോസിയേഷൻ നടത്താനുള്ള പരിപാടിയാണ്. അത് അഴിമതിക്ക് വഴി തെളിക്കുന്നു. കേന്ദ്രത്തിൽ ഒരു ഗവണ്മെന്റുണ്ട്, ശ്രീ. വാജ്പേയിയുടെ ഗവണ്മെന്റ്..... ബഹളം..... ഞാൻ ഒരു നിർദ്ദേശം വച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. ടെലിഫോൺ ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചപ്പോൾ ഇൻഡ്യയിലെ സംസ്ഥാന ഗവണ്മെന്റുകൾ, രാഷ്ട്രീയ പാർട്ടികൾ, വാണിജ്യ സംഘടനകൾ, ഉപഭോക്തൃ സംഘടനകൾ എല്ലാംകൂടി ഇൻഡ്യാ ഗവണ്മെന്റിനോട് പറഞ്ഞു, ഈ ചാർജു വർദ്ധനവ് അന്യായമാണ്; പിൻവലിക്കണമെന്ന്. പ്രധാനമന്ത്രി ശ്രീ. വാജ്പേയിയും പറഞ്ഞു, ഇത് പിൻവലിക്കുക പ്രയാസമാണ്, എന്നാലും തൽക്കാലം നിർത്തിവയ്ക്കുന്നു..... ബഹളം..... വാജ്പേയി ചെയ്ത അത്രപോലും നിങ്ങൾക്ക് ചെയ്യാൻ മനസ്സില്ല. പ്രധാനമന്ത്രി ശ്രീ. വാജ്പേയി ഉടൻതന്നെ ടെലിഫോൺ ചാർജ് വർദ്ധനവ് തൽക്കാലത്തേയ്ക്ക് നിർത്തിവച്ചുകൊണ്ട് പാർലമെന്റിലെ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയോട് ഈ നിരക്കു വർദ്ധനവ് ന്യായമാണോ, ആക്ഷേപം ശരിയാണോയെന്ന് പരിശോധിക്കാൻ ഉത്തരവിട്ടു. അതുവരെ തൽക്കാലത്തേയ്ക്ക് വർദ്ധന നിർത്തിവച്ചു. ആ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചെയർമാൻ ഇൻഡ്യയുടെ പഴയ ആഭ്യന്തരമന്ത്രി സി.പി.ഐ. യുടെ നേതാവ് ശ്രീ. ഇന്ദ്രജിത് ഗുപ്തയാണ്. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത് ഈ ഗവണ്മെന്റിന് ആർജ്ജവമുണ്ടെങ്കിൽ, നീതിബോധമുണ്ടെങ്കിൽ ഇന്ന് വീടുകളിലും കച്ചവടസ്ഥാപനങ്ങളിലും ഫ്യൂസ് ഊരുന്നതിനുപകരം നിങ്ങൾ തൽക്കാലത്തേയ്ക്ക് ചാർജ് വർദ്ധനവ് നിർത്തിവയ്ക്കണം. എന്നിട്ട് അസംബ്ളിയിലെ ഇലക്ട്രിസിറ്റി വകുപ്പ് കാര്യങ്ങൾ നോക്കുന്ന സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ കാര്യങ്ങളും പരിശോധിക്കാൻ വിട്ടുകൊടുക്കണം. കേരളത്തിലെ ജനങ്ങൾ ഇത്രയും പ്രയാസപ്പെട്ടിട്ടും ചാർജ് വർദ്ധനവ് നിർത്തിവയ്ക്കാനും ഇതേക്കുറിച്ച് പരിശോധിക്കാനുമുള്ള മര്യാദ പോലും കാണിക്കാത്ത ഈ ഗവണ്മെന്റിന്റെ മനുഷ്യത്വരഹിതമായ ധിക്കാര പൂർവ്വമായ അഹങ്കാരപൂർവ്വമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇന്നത്തെ നിയമസഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും ശേഷിച്ച സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : കഴിഞ്ഞ കാലങ്ങളിലൊക്കെ അതാതു ഗവണ്മെന്റുകൾ നീട്ടി നീട്ടി കൊണ്ടുപോയ വളരെ അനിഷ്ടകരമായ ഒരു കാര്യത്തിന്മേൽ വൈദ്യുതിചാർജ് വർദ്ധന സംബന്ധിച്ച് എന്റെ സഹപ്രവർത്തകൻ വൈദ്യുതി മന്ത്രി ശ്രീ. ശർമ്മയ്ക്ക് തീരുമാനമെടുക്കേണ്ടി വന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനത്തെ ന്യായീകരിച്ചുകൊണ്ട്, മന്ത്രി എന്ന നിലയിൽ അദ്ദേഹം ഇവിടെ സംസാരിക്കുകയും ചെയ്തു. ഇലക്ട്രിസിറ്റി ബോർഡിനെ ന്യായീകരിക്കുവാൻ, തന്റെ ഡിപ്പാർട്ടുമെന്റിനെ ന്യായീകരിക്കുവാൻ അദ്ദേഹത്തിന് ബാദ്ധ്യതയുണ്ടായിരിക്കാം. അങ്ങനെ ന്യായീകരിക്കുന്ന കൂട്ടത്തിൽ ഇലക്ട്രിസിറ്റി ഫ്രീയായി കൊടുത്താൽപ്പോലും നിലനിർത്താൻ കഴിയാത്ത വ്യവസായങ്ങൾ കേരളത്തിലുണ്ട്, എന്ന് അദ്ദേഹം പറയുകയുണ്ടായി. വൈദ്യുതി ഫ്രീയായി കൊടുത്താൽപോലും മറ്റു കാരണങ്ങളാൽ പൂട്ടുന്ന വ്യവസായങ്ങൾ കേരളത്തിൽ ഇല്ലേ എന്ന് അദ്ദേഹം ചോദിച്ചു. വൈദ്യുതി ചാർജ് എത്ര വർദ്ധിപ്പിച്ചാലും, അതാതു കാലത്ത് ചാർജ് കൂട്ടി കൊടുത്താലും, ലാഭകരമായി, ഫീസിബിളായി നിലനിർത്താൻ കഴിയുന്ന, ഒരു കുത്തക വ്യവസായം ആയതുകൊണ്ട് നിലനിർത്തുക എന്നുള്ള പദം ഞാൻ പ്രയോഗിക്കുന്നില്ല. തുടർന്നുകൊണ്ടുപോകാൻ കഴിയുന്ന ഫീസിബിളായിട്ടുള്ള നിലയിലാണോ ഇലക്ട്രിസിറ്റി ബോർഡ് ഇന്ന് പോകുന്നത്? അത്തരത്തിലുള്ള ഒരു കുത്തക വ്യവസായമാണോ ഇലക്ട്രിസിറ്റി ബോർഡ് എന്നുള്ളതുകൂടി അങ്ങ് പരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, ഒന്നിലേറെ തവണ ശ്രീ. പത്മരാജന്റെ കാലത്തും, ശ്രീ. കാർത്തികേയന്റെ കാലത്തുമൊക്കെ ചാർജ് വർദ്ധിപ്പിക്കാൻ വേണ്ടി അവർ ട്രൈ ചെയ്തതാണ് അന്നും 3% പ്രോഫിറ്റിന്റെ പ്രശ്നം ഉണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടത്ര വരുമാനം ഇല്ലാത്ത സാഹചര്യങ്ങളൊക്കെ അപ്പോഴും ഉണ്ടായിരുന്നു. എന്നിട്ടും പലപ്രാവശ്യം ഞാൻ ഒബ്ജക്ട് ചെയ്തതാണ്. അതുകൊണ്ട് ഒരു സമയത്തും ഈ തീരുമാനം എടുക്കാൻ അതാതു ഗവണ്മെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഗവണ്മെന്റ് ഈ തീരുമാനം എടുത്തു. എന്നെങ്കിലും ഒരിക്കൽ ഈ തീരുമാനം എടുക്കേണ്ടി വരുമായിരുന്നിരിക്കണം. ചാർജ് വർദ്ധനവ് എന്നുള്ള ഒരു കാര്യം നടക്കുകയേ ഇല്ലായിരുന്നു എന്ന് ഞാൻ പറയുന്നില്ല, പക്ഷെ അത് ശാസ്ത്രീയമായിരുന്നോ എന്നുള്ളതാണ് പ്രശ്നം. ഒട്ടും ശാസ്ത്രീയമായി അല്ല ഗവണ്മെന്റ് ഇപ്പോൾ ഇത് ചെയ്തിരിക്കുന്നത് എന്നുള്ളതും ജനങ്ങളെ അങ്ങേയറ്റം വിഷമകരമാക്കുന്നു. വ്യവസായങ്ങൾ പൂട്ടുന്ന നിലയിലാണ് ഇത് ചെയ്തിരിക്കുന്നത് എന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ച് ഇവിടെ വ്യവസായങ്ങൾ നടക്കില്ല, ഒന്നും ചെയ്യാൻ കഴിയില്ല, ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട് അവരെ വിളിച്ച് ചർച്ച ചെയ്യാം എന്നുള്ള നിലയിൽ അങ്ങ് പറഞ്ഞു. അങ്ങനെയൊന്നും ചെയ്യാൻ കഴിയില്ല, കാരണം എന്താണെന്നുവച്ചാൽ ഇവിടേയ്ക്കു വന്ന അത്യാവശ്യം വ്യവസായങ്ങൾ എന്നു പറയുന്നത്, മോർ ഓർ ലെസ് ഇലക്ട്രിസിറ്റി റാ-മെറ്റീരിയലായി ഉപയോഗിക്കുന്നത്, ചീഫ് ഇലക്ട്രിസിറ്റി പ്രതീക്ഷിച്ചു വന്ന വ്യവസായങ്ങളാണ്. അവർക്ക് കണ്ടമാനം ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചാൽ പിന്നെ നിൽക്കാൻ കഴിയില്ല. അതിൽപ്പെട്ട ഒന്നാണ് ചിങ്ങവനത്തെ ഫാക്ടറി പൂട്ടി എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, പൂട്ടുകയല്ലാതെ വേറെ മാർഗ്ഗം ഒന്നും ഇല്ല. ടി.സി.സി. യുടെ കാര്യത്തിലും വേറെ മാർഗ്ഗം ഒന്നും ഉണ്ടാകില്ല. വളരെ വലിയ ഈ ചാർജ്ജ് വർദ്ധനവ് വച്ച് അത്തരം വ്യവസായങ്ങൾക്ക് വർക്ക് ചെയ്യാൻ കഴിയില്ല. പലതിന്റേയും റാ-മെറ്റീരിയൽ ഇലക്ട്രിസിറ്റിയാണ്, അതുകൊണ്ട് സാധിക്കുന്നില്ല. ഇവിടെ എന്തുചെയ്യണം, ഈ ദൂഷിത വലയത്തിൽ നിന്ന് രക്ഷപ്പെടണം എന്നുള്ള പ്രധാനപ്പെട്ട ഒരു ഭാഗം ഗവണ്മെന്റ് പരിശോധിച്ചിട്ടേ ഇല്ല, അതാണ് പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ആ ഭാഗം വന്നേയില്ല. കാരണം കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ നട

LIBRARY ARCHIVES Kerala Legislative Assembly

ത്തിപ്പാണ് പ്രശ്നം. അതിൽ രാഷ്ട്രീയ അതിപ്രസരം എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ അതിന്റെ നടത്തിപ്പിലെ പ്രസരണ നഷ്ടം തന്നെ വളരെ വലുതാണ്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെന്റീച്ചർ വളരെ കൂടുതലാണ്. ഇങ്ങനെ ജനങ്ങൾക്കും വ്യവസായങ്ങൾക്കും ചാർജ്ജ് അമിതമായി വർദ്ധിപ്പിച്ച് എന്നിട്ട് ആ പണം മുഴുവൻ അവരുടെ കൈയിൽ കൊടുക്കുക എന്നുപറഞ്ഞാൽ അവരുടെ ലക്ഷ്വറി കൂടുക എന്നുള്ളതൊഴിച്ചാൽ ഇത് ഒരു കാലത്തും നേരായി നടക്കുകയില്ല. ആ പണം കുറച്ചൊക്കെ പ്രോജക്ടുകൾക്ക് ഉപയോഗിക്കുമായിരിക്കും. അഡ്മിനിസ്ട്രേറ്റീവ് എക്സ്പെന്റീച്ചർ കുറയ്ക്കണം, കണ്ടമാനം ലക്ഷ്വറിയാണ്, ഒരുപാട് ചെലവാണ്. താഴെക്കിടയിൽനിന്ന് മുകൾവരെ കണ്ടമാനം ചെലവാക്കുന്ന ഏർപ്പാടുകളാണ്, വെറുതെ പണം നഷ്ടപ്പെട്ട് പോകുകയാണ്, പ്രസരണ നഷ്ടം എത്രയാണ്? ഞങ്ങൾ പാനൽ അന്നു വച്ചതാണ്. കേരളത്തിന്റെ ഏറ്റവും വലിയ ഗുണം നമ്മുടെ ജല വൈദ്യുത പദ്ധതികളിൽ നിന്നുകിട്ടുന്നതും ചീപ്പായ ഇലക്ട്രിസിറ്റിയാണ് എന്നതാണ്. ആ സ്റ്റാറ്റസ് കൂടി നമ്മുടെ സ്റ്റേറ്റ് കളഞ്ഞാൽ ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ തന്നെ വ്യവസായത്തിന്റെ ശവപ്പറമ്പായി മാറും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത്തരത്തിലുള്ള ഒരു പരിശോധന ഈ തീരുമാനം എടുത്തപ്പോൾ ഗവണ്മെന്റ് നടത്തിയിട്ടില്ല; അതാണു പ്രശ്നം. അതുപോലെതന്നെ നമുക്കറിയാം ഇവിടെ താങ്ങാൻ കഴിയാത്ത വർദ്ധനവാണ്. ഇത്രയും വലിയ വർദ്ധനവ് വേണ്ടിയിരുന്നോ? ഒരുപാട് അനോമലിയുണ്ട്; അതാണ് പ്രശ്നം, ഇങ്ങനെയൊക്കെ ചെയ്താലും ശരി ഇപ്പോൾ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു കുഴപ്പവും കൂടാതെ കറന്റ് ലഭിക്കുമോ? ഇല്ല, അങ്ങനെ ഒരുറപ്പില്ല. കാശ് കുറെ ബോർഡിന്റെ കൈയിൽ വന്നു എന്ന് വിചാരിച്ച് അതിന്റെ ക്വാളിറ്റി വർദ്ധിക്കുന്നില്ല. ഇന്നലെ ലോകകപ്പ് ക്രിക്കറ്റ് ആയിരുന്നു, പല സ്ഥലങ്ങളിലും ഇന്നലെ ഫൈനൽ കാണാൻ കഴിഞ്ഞിട്ടില്ല, ആ സമയത്ത് കറണ്ട് കട്ടായിരുന്നു. മലപ്പുറം ഭാഗത്തൊക്കെ വലിയ പ്രശ്നമാണ്. ഒരാഴ്ചയായിട്ടുണ്ട്. എന്റെ വീട് സ്ഥിതിചെയ്യുന്ന സ്ഥലം സ്ഥിരമായി ഇരുട്ടിലാണ്. പാലക്കാട് ഭാഗത്തൊക്കെ എപ്പോഴും കറണ്ട് കട്ടാണ്. ഇന്നലെ മലപ്പുറം ഇലക്ട്രിസിറ്റി ഓഫീസിൽ ആളുകളൊക്കെക്കൂടി ബഹളമായിരുന്നു, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മൾ പറഞ്ഞിട്ട് കാര്യമില്ല, ഒരുപാട് കാലമായി നടന്നുവരുന്ന പദ്ധതികൾ, ആ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കാൻ ഗവണ്മെന്റ് ശ്രമിക്കുന്നത് നല്ല കാര്യം. അത് നടപ്പിലാക്കണം, യൂണിറ്റുകൾ വർദ്ധിച്ചുവരട്ടെ. മുഴുവൻ വാട്ടർ ബേസ്ഡായിട്ടുള്ള പ്രോജക്ടുകൾ നമുക്ക് പറ്റില്ല, പകരം മറ്റ് പ്രോജക്ടുകൾ വേണം. പക്ഷേ കൂട്ടത്തിൽ ചർച്ചചെയ്യപ്പെടാതെ പോകുന്ന ഒരു വിഷയം എന്നു പറയുന്നത് നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ എഫിഷ്യൻസിയാണ്. എല്ലാ വ്യവസായങ്ങളുടെയും എഫിഷ്യൻസി സംബന്ധിച്ച കാര്യങ്ങൾ നോക്കുമ്പോൾ ആ വ്യവസായത്തിന്റെമേൽ നിയന്ത്രണമുള്ള കെ.എസ്.ഇ.ബി. എന്ന ഈ കുത്തക കമ്പനിയുടെ കാര്യം കൂടി നോക്കണം. അതുകൂടി നോക്കി അഡ്മിനിസ്ട്രേറ്റീവ് എക്സ്പെന്റിച്ചർ കുറയ്ക്കണം, ചെലവ് കുറയ്ക്കണം അല്ലാതെ ഇത് രക്ഷപ്പെടാൻ പോകുന്നില്ല. അതാതു കാലഘട്ടത്തിൽ ഭാരം ജനങ്ങളുടെമേലും തൊഴിൽ കൊടുക്കുന്ന തൊഴിൽ സ്ഥാപനങ്ങളുടെ മുതുകിലും മാത്രം കെട്ടിവച്ചുകൊണ്ടുള്ള നടപടികൾ ഒരിക്കലും തന്നെ ന്യായീകരിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ പെർഫോർമൻസ്, അമിത ചാർജ് വർദ്ധനവിന്റെ പശ്ചാത്തല

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. ഞാൻ അത് അടിവരയിട്ടു പറയുകയാണ്. ജനങ്ങൾ ഇത്രയും ബുദ്ധിമുട്ടനുഭവിക്കുന്ന, വ്യവസായങ്ങൾ പൂട്ടിപ്പോകുന്ന ഈ പശ്ചാത്തലത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ പെർഫോർമൻസ് കൂടി ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ശർമ്മ ചാർജ് എടുത്തിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ. അദ്ദേഹത്തിന്റെ തലയിൽ കെട്ടിവയ്ക്കാൻ കഴിയില്ല. കഴിഞ്ഞകാലങ്ങളിലൊക്കെയുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ പെർഫോർമൻസ് ചർച്ചയ്ക്ക് വിധേയമാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്, അതിന് അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും ശേഷിച്ച സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

ശ്രീ. കെ.എം. മാണി : ഇവിടെ ഇത്രമാത്രം ഗുരുതരമായ, ഗൗരവമായ നമ്മുടെ സംസ്ഥാനത്തെ ജനജീവിതത്തെ സാരമായി ബാധിക്കുന്ന, നമ്മുടെ വ്യാപാര മണ്ഡലത്തെയും, വ്യവസായ മണ്ഡലത്തെയും എല്ലാം ബാധിച്ചിരിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഈ ഗവണ്മെന്റിന്റെ നിലപാട് വാസ്തവത്തിൽ എത്രയോ ആക്ഷേപാർഹമാണ് എന്ന് ഞാൻ ഓർക്കുകയാണ്. വാസ്തവത്തിൽ ഇക്കാര്യം ചർച്ച ചെയ്യാത്ത നിങ്ങളുടെ നിലപാട് വളരെ ആക്ഷേപകരമായ ഒരു കാര്യമാണ്. ഇവിടെ വ്യാപാരികൾ മുഴുവൻ കട അടച്ച് പ്രതിഷേധിച്ചു, വാണിജ്യ മണ്ഡലങ്ങൾ പ്രതിഷേധിച്ചു, വ്യവസായ മണ്ഡലം മുഴുവൻ പ്രതിഷേധിച്ചു. ജൂൺ മാസം 10-ാം തീയതി യു.ഡി.എഫ്. ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായ ഒരു ഹർത്താൽപോലും നടക്കുകയുണ്ടായി. ഞാൻ ഒന്ന് പറയട്ടെ, ഇന്ന് ഭരണകക്ഷിയിലെ ശ്രീ. ബേബി ജോണിന്റെ നേതൃത്വത്തിലുള്ള ആർ.എസ്.പി. ഈ ചാർജ്ജ് വർദ്ധനയ്ക്കെതിരെ സായാഹ്ന ധർണ്ണ നടത്താൻ പോകുന്നു. നിങ്ങൾക്ക് എന്തു പറയാൻ ഉണ്ടെന്ന് ഞാൻ ചോദിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നീതിബോധമുള്ള മുഴുവൻ ജനവിഭാഗങ്ങളും ശക്തമായി എതിർക്കുന്ന ഈ വൈദ്യുതി ചാർജ്ജ് വർദ്ധനയെ സംബന്ധിച്ചിടത്തോളം നിങ്ങൾ ചർച്ച ചെയ്യുകയില്ല എന്ന് എടുത്തിരിക്കുന്ന ഈ നിലപാട് വളരെ തെറ്റായ ഒരു കാര്യമാണ്.

ഞാൻ ബഹുമാനപ്പെട്ട ശർമ്മയോട് വളരെ വിനയത്തോടെ ചോദിക്കട്ടെ, അദ്ദേഹം പറയുന്നത് വ്യവസായങ്ങൾക്ക് ഒരു കുഴപ്പവും ഇല്ലെന്നാണ്, ഏതെങ്കിലും ഒരു വ്യവസായത്തിന് വൈദ്യുതിചാർജ് കൊണ്ടുമാത്രം, നഷ്ടം ഉണ്ടാകുന്നുവെങ്കിൽ ഞങ്ങൾ അത് പരിഹരിക്കും. ഇത് വലിയ ഒരു തർക്കശാസ്ത്രമാണ്. ഇവിടത്തെ വ്യവസായങ്ങൾ മിക്കതും നഷ്ടത്തിലാണ്. ഇത് ഒട്ടകത്തിന്റെ മുതുക് ഒടിക്കുന്ന അവസാനത്തെ കറ്റയാണ്. നഷ്ടത്തിൽ ഓടുന്ന ഒരു വ്യവസായത്തിന്റെമേൽ ഈ ഭാരം കൂടി വച്ചാൽ പിന്നെ പിടിച്ചു നിൽക്കാൻ ഒക്കുമോ? ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇതുകൊണ്ടുമാത്രം നഷ്ടം വരും എന്നു കാണിച്ചാൽ സഹായിക്കാമെന്നാണ്. ഗവണ്മെന്റിന്റെ ആ നിലപാടുകൊണ്ട് ഒരു പ്രയോജനവുമില്ല. ഈ സംസ്ഥാനത്തെ 26 വ്യവസായങ്ങൾക്ക് ഇപ്പോൾ ഡിസ്കണക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നു. ഇങ്ങനെയാണെങ്കിൽ കേരളത്തിലേയ്ക്ക് ഒറ്റ വ്യവസായവും വരാൻ പോകുന്നില്ല. ഇവിടത്തെ തൊഴിൽ സാദ്ധ്യതകളുടെ കുമ്പ് തടയുന്നു. ഇവിടത്തെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരോട് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ പാതകമാണ്. കേരളത്തോട് സ്നേഹം ഉണ്ടെങ്കിൽ ഈ വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കണം. വ്യവസായവൽക്കരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ തെറ്റായ നടപടിയിൽ നിന്നും ഗവണ്മെന്റ് പിന്നോട്ടു പോകണം. ബഹുമാനപ്പെട്ട ശിവദാസ മേനോനോടും മുഖ്യമന്ത്രിയോടും ഞാൻ ഒന്നു ചോദിക്കട്ടെ, നിങ്ങൾ വന്നതിനുശേഷം നാലാമത്തെ ചാർജ്ജ് വർദ്ധനയാണ് ഇത്. ഇത് ദുർവഹമാണ്. ഈ ഒട്ടകത്തിന്റെ മുതുക് ഒടിക്കുന്ന അവസാനത്തെ നടപടിയെന്നു പറയുന്നത് എല്ലാ അർത്ഥത്തിലും ശരിയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 1996 ഫെബ്രുവരിയിൽ 48 ശതമാനം ചാർജ്ജ് വർദ്ധന, 1998 ഫെബ്രുവരിയിൽ പത്തു ശതമാനം ചാർജ്ജു വർദ്ധന ഡിസംബറിൽ എട്ടു ശതമാനം ചാർജ്ജുവർദ്ധന, ഇപ്പോൾ നാൽപ്പത്തിരണ്ടു ശതമാനം ചാർജ്ജുവർദ്ധന. ഇതിലെ കണക്കു ഞാൻ പറയാം. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതിചാർജ്ജ് 100 രൂപയായിരുന്നുവെങ്കിൽ, ശതമാനം വച്ചുപറയുമ്പോൾ വൈദ്യുതി ചാർജ്ജ് നൂറു രൂപയെന്നു സങ്കൽപ്പിച്ചാൽ ആദ്യത്തെ ചാർജുവർദ്ധന നാൽപ്പത്തിയെട്ടു ശതമാനം. അങ്ങനെ നൂറ്റി നാൽപ്പത്തിയെട്ടായി. രണ്ടാമത് നൂറ്റിനാൽപ്പത്തിയെട്ടിൽ നിന്ന് വീണ്ടും പത്തു ശതമാനം വർദ്ധിപ്പിച്ചപ്പോൾ നൂറ്റിയമ്പത്തെട്ടായി. വീണ്ടും എട്ടു ശതമാനം വർദ്ധിപ്പിച്ചപ്പോൾ അത് നൂറ്റി അറുപത്തിയാറായി. അതിൽ നിന്ന് നാൽപ്പത്തിരണ്ടു ശതമാനം വരെ, ഞാൻ നാൽപ്പതേയെടുക്കുന്നുള്ളൂ, നാൽപ്പതു ശതമാനം വർദ്ധിപ്പിച്ചാൽ ഇരുന്നൂറ്റി നാൽപ്പത്തിനാല് ശതമാനം ചാർജ്ജ് വർദ്ധന. ഈ ഗവണ്മെന്റ് വന്നതിനുശേഷം 244 ശതമാനം വൈദ്യുതിചാർജ്ജ് നിങ്ങൾ വർദ്ധിപ്പിച്ചു എങ്കിൽ നിങ്ങൾ ക്രൂരതയല്ലേ ചെയ്യുന്നത്. നിങ്ങൾ സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളെ കൊള്ളയടിക്കുകയല്ലേ ചെയ്യുന്നത്. നിങ്ങൾക്ക് ധർമ്മബോധമുണ്ടോ, നീതിബോധമുണ്ടോ, ഭാവനയുണ്ടോ? ഇത്രമാത്രം കിരാതമായ ഈ നടപടിയെ ഈ സംസ്ഥാനത്തെ മുഴുവൻ ആളുകളും എതിർക്കുകയാണ്. വൈദ്യുതിബോർഡിന്റെ ഫിനാൻഷ്യൽ വയബിലിറ്റി ശരിപ്പെടുത്താനെന്നാണ് ശ്രീ. ശർമ്മയുടെ പ്രസംഗത്തിൽ പറഞ്ഞത്. വൈദ്യുതി ബോർഡിന് ഫിനാൻഷ്യൽ തകർച്ച എങ്ങനെയാണ് ഉണ്ടായത്? എവിടെയെങ്കിലും ധാരണാപത്രം ഒപ്പിട്ടാൽ സാമഗ്രികൾ വാങ്ങിക്കുകയാണ്. വൈദ്യുതി ബോർഡിൽ നാന്നൂറ്റിയൻപത് കോടി രൂപയുടെ സാമഗ്രികൾ കെട്ടിക്കിടക്കുന്നു. 1996-ലെ പേറിവിഷനിൽ അവകാശപ്പെട്ടതിനേക്കാൾ കൂടുതൽ ശമ്പളം എഴുതിവാങ്ങിയതിൽ മുന്നൂറ് കോടി രൂപ കിടക്കുന്നു. കറണ്ടുമോഷണം ഉൾപ്പെടെ എന്തെല്ലാം നഷ്ടങ്ങൾ വൈദ്യുതിബോർഡിൽ വരുന്നു: വൈദ്യുതി ബോർഡ് എന്ന വെള്ളാന സൃഷ്ടിക്കുന്ന നഷ്ടം കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾ സഹിക്കണമെന്നു പറയുന്നുവെങ്കിൽ അത് നീതീകരിക്കാനാകുമോ? ഈ ദുർവ്വഹമായ വർദ്ധനവ് ഒരിക്കലും നിങ്ങൾ ചെയ്യരുതാത്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ഒരിക്കലും പിൻവലിക്കുകയില്ല, എന്ന് പറയുകയാണ്. മർക്കടമുഷ്ടിയാണ്, ഒരിക്കലും പിൻവലിക്കുകയില്ല, നിങ്ങൾ പിൻവലിക്കുന്നില്ലായെങ്കിൽ ഉപഭോക്താക്കൾ ഫ്യൂസ് ഊരണം. ഉപഭോക്താക്കളെക്കൊണ്ട് നിങ്ങൾ ഫ്യൂസ് ഊരിപ്പിക്കുമെങ്കിൽ ഒരു കാര്യം ഞാൻ പറയുന്നു, നായനാർ ഗവണ്മെന്റിന്റെ ഫ്യൂസ് ഈ നാട്ടിലെ ജനങ്ങൾ ഊരും. ഈ നിലയിൽ ഭരിക്കാം എന്ന് നിങ്ങൾ കരുതേണ്ട. ഈ രീതിയിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ അവിടെ ഇരുത്തുകയില്ല. നിങ്ങൾക്ക് എതിരെ ശക്തമായ തിരിച്ചടിയുണ്ടാകും; യാതൊരു സംശയവുമില്ല. അതുകൊണ്ട് ജനാധിപത്യവിരുദ്ധമായ, ക്രൂരമായ, അധാർമ്മികമായ, ഈ ചാർജ്ജ് വർദ്ധനവ് പിൻവലിക്കാത്ത ഈ ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇന്ന് സഭ തുടർന്നുള്ള നടപടികൾ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും ശേഷിച്ച സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയാവതരണ നോട്ടീസിന് എന്റെ അടുത്ത സുഹൃത്തായ ശ്രീ. ശർമ്മ നൽകിയ മറുപടി കേട്ടപ്പോൾ അദ്ദേഹത്തിന് എന്തോ പറ്റിയെന്ന് എനിക്ക് തോന്നി. ഇപ്പോൾ പഴയ ശർമ്മയേയല്ല. ശ്രീ. ശർമ്മ ആകെ മാറിയിരിക്കുന്നു. ശ്രീ. ശർമ്മയ്ക്കുണ്ടായ മാറ്റമെന്നു പറഞ്ഞാൽ, അത് ഭാവനയിൽപ്പോലും കാണാൻ കഴിയുകയില്ല. കാരണം എനിക്ക് ശ്രീ. ശർമ്മയെ നന്നായിട്ട് അറിയാം. മുഖ്യ മന്ത്രി എന്തെങ്കിലും പറയട്ടെ. അദ്ദേഹം പറയുന്നതുപോലെ ശ്രീ. ശർമ്മക്കു പറയാൻ പറ്റുമോ? 'നിങ്ങൾ എന്തും ചെയ്തോ, ഞങ്ങൾ എന്തും ചെയ്യും, നിങ്ങൾ എന്തുവേണമെങ്കിലും പറഞ്ഞോ', ഞങ്ങൾക്ക് ഇഷ്ടമുള്ളത് ഞങ്ങൾ ചെയ്യും'. ആ ഒരു സമീപനം ബഹുമാനപ്പെട്ട ശർമ്മയുടെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ല. അദ്ദേഹം ഇവിടെ പ്രതിപക്ഷത്തോട് ചോദിച്ചു, നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് 1993-96 വരെയുള്ള നാലു വർഷങ്ങൾ പറഞ്ഞിട്ട് അവിടെയും വർദ്ധന ഉണ്ടായില്ലേ എന്ന്. ഞാൻ ശ്രീ. ശർമ്മയോട് ഒന്ന് ചോദിക്കട്ടെ. ശ്രീ. ശർമ്മ അന്ന് സമരം ചെയ്തില്ലേ? ഡി.വൈ.എഫ്.ഐ.യും സി.പി.ഐ.(എം) -ഉം അന്ന് സമരം നടത്തിയില്ലേ. അന്ന് നിങ്ങൾ എന്താണ് പറഞ്ഞത്? ഇന്നത്തെ ഭീമമായ ചാർജ്ജ് വർദ്ധനയല്ല അന്ന് വന്നത്. ശ്രീ. ശർമ്മ തന്നെ അതിന്റെ കണക്കും ഇവിടെ പറഞ്ഞു. ശ്രീമതി മെഴ്സിക്കുട്ടിയമ്മ കേട്ടു കാണില്ല. ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അന്ന് ഉണ്ടായ ചെറിയ വർദ്ധനവ് ശരിയല്ല എന്നുപറഞ്ഞുകൊണ്ട് സമരം നടത്തിയ ശ്രീ. ശർമ്മയാണ് ഇന്ന് ഈ 55 ശതമാനം, 60 ശതമാനം വർദ്ധന വരുത്തിയിരിക്കുന്നത്. ഞാൻ കണക്കൊന്നും വീണ്ടും പറഞ്ഞ് സമയം കളയാൻ ഉദ്ദേശിക്കുന്നില്ല, പക്ഷെ ഒരു കാര്യം ഞാൻ പറയാം, ശ്രീ. ശർമ്മ പറഞ്ഞിരിക്കുന്ന കണക്കനുസരിച്ച് തന്നെ നാൽപ്പത്തിരണ്ടു ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് എട്ടു ശതമാനം മുതൽ ഇരുപത്തിരണ്ടു ശതമാനം വരെയും അതിനു മുകളിലോട്ട് ഉള്ളവർക്ക് മൂപ്പത്തിയഞ്ചു ശതമാനവും വർദ്ധനയാണ്. അതാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ ഞാൻ ഇവിടെ കുറിച്ചുവച്ചത്. ഇത്രയും വർദ്ധനവ് എങ്കിലും ഉണ്ടായി എന്ന് അദ്ദേഹം പറയുന്നു. ഇവിടെ ചെറുകിടക്കാരെ സംബന്ധിച്ച് അവർക്ക് താങ്ങാൻ കഴിയുന്ന ഒരു സംഗതിയല്ല. ബഹുമാനപ്പെട്ട ശർമ്മ ഒരു കാര്യം മനസ്സിലാക്കണം. അതിനേക്കാൾ കൂടുതൽ വർദ്ധന ബില്ലിൽ വന്നിരിക്കുന്നു. ശ്രീ. ശർമ്മ ഉടനെ അതിൽ രാഷ്ട്രീയം കണ്ടു. ശ്രീ. ശർമ്മ പറഞ്ഞു, ഇത് ഞങ്ങളുടെ ഗവണ്മെന്റിനെ അൺപോപ്പുലർ ആക്കാൻവേണ്ടി ശ്രമിക്കുന്ന കുറെ ഉദ്യോഗസ്ഥൻമാർ ഉണ്ട് അവരാണെന്ന്. അങ്ങനെ ഒരു മന്ത്രിക്ക് പറഞ്ഞ് ഒഴിയാൻ കഴിയുമോ? ഒഴിഞ്ഞുമാറാൻ സാധ്യമല്ല. അദ്ദേഹം അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തേ പറ്റൂ. ഇവിടെ ഗാർഹിക ഉപഭോക്താക്കളെ സംബന്ധിച്ചു പറയുമ്പോൾ ഈ സർക്കാർ വന്നതിനു ശേഷം രണ്ടു പ്രാവശ്യം ചാർജ്ജ് വർദ്ധിപ്പിച്ചു. കച്ചവടക്കാർക്കും വ്യവസായികൾക്കും നാലു പ്രാവശ്യം വർദ്ധിപ്പിച്ചു. അത് ഒരു സത്യമല്ലേ? ആ സത്യത്തെ വിസ്മരിച്ചിട്ട് കാര്യമുണ്ടോ? ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കാനുള്ളത്, വൈദ്യുതി ചാർജ് വർദ്ധന ഒരു ഭാഗത്ത്, നിങ്ങൾ ബസ് ചാർജ് വർദ്ധിപ്പിച്ചില്ലേ? റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചില്ലേ? വെള്ളക്കരം വർദ്ധിപ്പിച്ചില്ലേ? ഇതെല്ലാം കേരളത്തിലെ ആളുകൾക്ക് കൊടുത്തേ പറ്റൂ. ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്ക് നിശ്ചയമായും ഒരു വരുമാനമുണ്ടാകും. പക്ഷെ ഇവിടത്തെ കൃഷിക്കാരെ സംബന്ധിച്ചു പറഞ്ഞാൽ അവർക്ക് നിശ്ചിതമായ ഒരു വരുമാനം ഇല്ല. ആ വരുമാനം ഇല്ലാത്തവന്റെ കുടുംബ ബഡ്ജറ്റിൽ നിന്നാണ് ഈ പണമെല്ലാം കണ്ടെത്തേണ്ടത്. എന്താ അവരെക്കുറിച്ച് ചിന്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്തത്. ഇവിടെ ഉദ്യോഗസ്ഥന്മാർ എന്നുപറഞ്ഞാൽ അഞ്ചു ലക്ഷമുണ്ട്. ബാക്കിവരുന്ന കോടിക്കണക്കിന് ആൾക്കാർ വേറെ കിടക്കുകയാണ്. അവരുടെ പ്രശ്നത്തെ സംബന്ധിച്ച് ഒരു ചിന്തയുമില്ലാതെ കൂട്ടി, അതിന് ഒരു ന്യായം. ഇത് ഒരിക്കലും ശരിയായ ഏർപ്പാടല്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, അദ്ദേഹം പറഞ്ഞു, ഞങ്ങളുടെ കാലത്ത് ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ അൻപത് ശതമാനം പ്രൊഡക്ഷൻ വർദ്ധിപ്പിച്ചു എന്ന്, ഇവിടെ നമ്മൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഏകദേശം നാൽപ്പത്തിയഞ്ചു ശതമാനവും വ്യവസായത്തിനുവേണ്ടിയാണ്. ഇവിടത്തെ വ്യവസായങ്ങൾ എല്ലാം പൂട്ടിയാൽപ്പിന്നെ നിങ്ങൾ ഉൽപ്പാദിപ്പിച്ചിട്ടെന്താ കാര്യം? ശ്രീ. ശർമ്മ പറഞ്ഞു, ഒരൊറ്റയെണ്ണം പൂട്ടുകയില്ലാ എന്ന്, ശർമ്മയും ഞാനും വരുന്നത് ഒരു ജില്ലയിൽ നിന്നാണ്. നമ്മൾ ഒരേ പ്രദേശത്തുനിന്നും വരുന്നവരാണ്. അവിടത്തെ ഇൻഡസ്ട്രിയൽ ബെൽറ്റ് ഇന്നനുഭവിക്കുന്ന പ്രശ്നം ശ്രീ. ശർമ്മയ്ക്ക് നന്നായിട്ട് അറിയാം. മന്ത്രിയായതുകൊണ്ട് അവരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് പറയാൻ അവർ സമീപിക്കുന്നത് ഞങ്ങളെയാണ്. ഇവിടെ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് (ഇവിടെ വ്യവസായമന്ത്രിയുണ്ട്), മന്ത്രി ശ്രീ. ശർമ്മയ്ക്ക് എഴുതിയില്ലേ, ശ്രീ. ശർമ്മയോട് പറഞ്ഞില്ലേ. ഇതിന് ഒരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ടോ, ശ്രമിക്കുന്നില്ല. ഈ പോക്ക് പോയാൽ നമ്മുടെ സംസ്ഥാനം എങ്ങോട്ട് പോകും.

ഒരു പോയിന്റ് കൂടി എനിക്ക് പറയാനുണ്ട്. രാമഗുണ്ടം, നെയ്വേലി, കൽപ്പാക്കം - അവിടെനിന്ന്, അതായത് കേന്ദ്ര പൂളിൽനിന്ന് നമുക്ക് കിട്ടുന്ന ഷെയർ കൃത്യമായി ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിയെടുക്കുന്നില്ല. അതുപോലെ തന്നെ ചില ചെറിയ പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പള്ളിവാസൽ, ഷോളയാർ, പെരിങ്ങൽക്കുത്ത്, പന്നിയാർ, ചെങ്കുളം തുടങ്ങിയ പ്രോജക്ടുകൾ ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. വെള്ളം ഒഴുകിപോവുകയാണ്. അത് ഇലക്ട്രിസിറ്റി ബോർഡിന്റെ കെടുകാര്യസ്ഥതയല്ലേ? സാധാരണഗതിയിൽ ചെറിയ യൂണിറ്റുകൾ എന്നുള്ള നിലയിൽ വെള്ളമുള്ള സ്ഥലത്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കും. വലിയ പ്രോജക്ടുകളിൽ നമ്മൾ വെള്ളം ശേഖരിച്ച് വയ്ക്കും. അങ്ങനയല്ലേ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്? ആ സമയത്ത് അതിന്റെ ജനറേറ്റർ മാറ്റാൻ പോയി. കനേഡിയൻ കമ്പനിക്ക് ഓർഡറും കൊടുത്തു. അതിനെക്കുറിച്ച് വേറെ ചർച്ചകളും ആക്ഷേപങ്ങളും നടക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിന് ചെയ്യാൻ കഴിയാത്ത ഒരു കാര്യത്തിന്, അവരുടെ കെടുകാര്യസ്ഥതയ്ക്ക് കേരളത്തിലെ ജനങ്ങൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണമോ? അതാണോ ബഹുമാനപ്പെട്ട മന്ത്രി ശർമ്മ പറയുന്നത്? അങ്ങ് തുറന്നു പറയണം. സർക്കാരിന്റെ, അല്ലെങ്കിൽ ബോർഡിന്റെ ഇൻഎഫിഷ്യൻസി, അല്ലെങ്കിൽ പ്രവർത്തനരാഹിത്യം, അവരുടെ പിടിപ്പുകേട്, ധൂർത്ത് അത് കേരളത്തിലെ ജനങ്ങൾ സഹിക്കണമെന്ന് പറഞ്ഞാൽ അംഗീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മനസ്സിലാക്കാനുള്ളത് ഇവിടത്തെ ഭരണകക്ഷിയിലുള്ളതല്ലേ നിങ്ങളുടെ സി.ഐ.ടി.യു.ക്കാർ. അത് ശരിയല്ലെന്ന് അവർ പറഞ്ഞു. സി.ഐ.ടി.യു. ന്റെ പ്രമേയമുണ്ട്. അത് ശരിയല്ലെന്ന് എ.ഐ.ടി.യു.സി.യും പറഞ്ഞു. അത് പിൻവലിക്കാൻ പറഞ്ഞു. സി.ഐ.ടി.യു. പറഞ്ഞതിന്റെ പൊരുൾ എന്താണെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്തായാലും എ.ഐ.ടി.യു.സി. പറഞ്ഞിട്ടുണ്ട്. ആർ.എസ്.പി. ക്കാർ സമരം ചെയ്യുന്നുണ്ട്; ജനതാദൾ സമരം ചെയ്യുന്നുണ്ട്. ഭരണകക്ഷികളും അത് ശരിയല്ലെന്ന് പറയുന്നു. ഞങ്ങളും അത് ശരിയല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. എന്തുകൊണ്ട് ഒരു നിയമസഭാ കമ്മിറ്റിക്ക് അതിനെക്കുറിച്ച് അന്വേഷിച്ചു കൂടാ, തീരുമാനമെടുക്കട്ടെ. അതുകൊണ്ട് ഇങ്ങനെയുള്ള ഗൗരവമുള്ള വിഷയങ്ങൾ ചർച്ചചെയ്യാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ഈ സഭ കൂടുന്നതിൽ ഒരർത്ഥവുമില്ല. ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിൽ നിഷേധാത്മകമായ സമീപനം ശ്രീ. ശർമ്മയെപോലുള്ള ഒരാൾ സ്വീകരിച്ചതിലും ഈ ഗവണ്മെന്റ് സ്വീകരിച്ചതിലുമുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഇന്നത്തെ ബഹിഷ്കരണത്തിൽ ഞങ്ങളും പങ്കെടുക്കുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും ശേഷിച്ച സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി).

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷവും മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞ കടലാസ് ഉണ്ടല്ലോ-Power purchase agreement between Kerala State Electricity Board and National Thermal Power Corporation Ltd. - 1995 ജനുവരി 6-ാം തീയതി ഉണ്ടാക്കിയ ആ എഗ്രിമെന്റിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

V. ശ്രദ്ധക്ഷണിക്കൽ

(പ്രതിപക്ഷം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ശ്രീ. കെ.പി.എ. മജീദ് നോട്ടീസ് നൽകിയിരുന്ന "ശ്രദ്ധക്ഷണിക്കൽ" ഉന്നയിക്കപ്പെട്ടില്ല).

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം

ശ്രീ. എ. കണാരൻ : സർ, ഒരു മാസമായി തുടരുന്ന അതിവർഷം വല്ലാത്ത കെടുതിയാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുള്ളത്. കാലവർഷക്കെടുതിയിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ളത് തെക്കൻ കേരളത്തിലാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം മുതലായ ജില്ലകളിലാണ് കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ളത്. ഇപ്പോൾ വടക്കൻ കേരളത്തിലും മഴ ശക്തമായി വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി താഴ്ന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ വീടുകളെല്ലാം തകർന്നുകൊണ്ടിരിക്കുന്നു. രക്ഷാസ്ഥാനം തേടി ആയിരക്കണക്കിന് ആളുകൾ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുന്നു. വീട് പൂർണ്ണമായും ഭാഗികമായും നശിച്ചവർക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന സഹായം വളരെ അപര്യാപ്തമാണ്. പണ്ടുമുതലേ കൊടുത്തുകൊണ്ടിരിക്കുന്ന ഈ സഹായഫണ്ട് കൊണ്ട് അവർക്ക് വീടിന്റെ പുനർനിർമ്മാണം നടത്താനോ അറ്റകുറ്റപ്പണി നടത്താനോ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഗവണ്മെന്റ് അതിനെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി മതിയായ സഹായം നൽകാനുള്ള നടപടി സ്വീകരിക്കണം. ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്തെ നെല്ല്, വാഴ, പച്ചക്കറികൾ, മരച്ചീനി മുതലായ വിളകൾ നശിച്ചുകഴിഞ്ഞു. വിളനാശംകൊണ്ട് കർഷകർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം നികത്തിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. മതിയായ സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ കർഷകർക്ക് കൃഷിയുമായി മുന്നോട്ടുപോകാൻ കഴിയൂ. നഷ്ടം വന്നവർക്ക് അർഹമായ തുക നൽകുന്നതിൽ വീഴ്ച കാണിക്കരുത്. നഷ്ടം വരാതെതന്നെ നഷ്ടം വന്നതായി കണക്കാക്കുന്ന സമ്പ്രദായം ഇവിടെയുണ്ട്. യഥാർത്ഥ നഷ്ടം കണക്കാക്കി ആവശ്യമായ തുക നൽകാത്തതിന്റെ ഫലമായി 5 വാഴ നശിച്ചുകഴിഞ്ഞാൽ 25 ആയി കണക്കാ

LIBRARY ARCHIVES Kerala Legislative Assembly